കേരള സർക്കാർ

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

# വരവൂർ ഗ്രാമപഞ്ചായത്ത്

2017-18

ഓഡിറ്റ് റിപ്പോർട്ട്

ജില്ലാ ഓഡിറ്റ് കാര്യാലയം,തൃശ്ശൂർ

e-mail:dotsr.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ ചീട്ടു സഹിതം)

നം.കെ.എസ്.എ.ടി.എസ്.ആർ(പി5)1589/2018

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ – 680 0020
ഫോൺ : 0487-2331249
ഇ-മെയിൽ : dotst.ksad@kerala.gov.in
തീയതി: 07.12.2018

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ്, (സെക്രട്ടറി മുഖേന)

വരവൂർ ഗ്രാമ പഞ്ചായത്ത്

സർ,

വിഷയം : വരവൂർ ഗ്രാമപഞ്ചായത്ത് - 2017-18 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്

*********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം 215(4)എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തികവർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 2 ലെ 2-1, 2-4 ഖണ്ഡികയിലേയ്ക്കും ഭാഗം 3 ലെ 3-1, 3-10 ഖണ്ഡികയിലേയ്ക്കും പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പഞ്ചായത്തിന്റെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ പഞ്ചായത്ത് എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്- പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15).

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ച തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1)ചട്ടം 20,23, 1997 കേരളാ പഞ്ചായത്ത് രാജ് പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക)

വിശ്വസ്തതയോടെ

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ് :

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം(ഉപരിപത്രം സഹിതം)

2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തൃശ്ശൂർ

3) കാര്യാലയ പകർപ്പ്

നം.കെ.എസ്.എ.ടി.എസ്.ആർ(പി5)1589/2018 തീയതി: 07.12.2018

## തൃശ്ശൂർ ജില്ലയിലെ വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ളഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരളാ പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(4) , 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം - വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

തൃശ്ശൂർ ജില്ലയിലെ വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. പഞ്ചായത്ത് 23.08.2017 മുതൽ 17.9.2018 തീയ്യതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, 01.04.2017 മുതൽ 31.03.2018 തീയ്യതി വരെ വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 17 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 14 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപനയോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണ ക്കുറിപ്പുകളിന്മേലുള്ള തുടർ നടപടികൾ പഞ്ചായത്ത് സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നു ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | | |
|---|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | ശ്രീ. സുനിൽ കുമാർ.കെ.വി, ഡെപ്യൂട്ടി ഡയറക്ടർ | |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 18.09.2018 മുതൽ 28.09.2018 വരെ | |
| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | ലത.എം.എൻ | ഓഡിറ്റ് ഓഫീസർ (ഹ.ഗ്രേ.) |
| | വിജയശ്രീ.പി | ഓഡിറ്റ് ഓഫീസർ |
| | പ്രശാന്ത്.ടി.ജി | അസി.ഓഡിറ്റ് ഓഫീസർ |
| | ജയൻ.വി.എസ് | ഓഡിറ്റർ |
| | രേഖ.ഇ.സി | ഓഡിറ്റർ |

ബി)നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| പ്രസിഡന്റ് | ശ്രീ.കെ.കെ.ബാബു | 01.04.2017മുതൽ<br>31.03.2018 വരെ |
| സെക്രട്ടറി | ശ്രീമതി.ഗ്രേസി.കെ.കെ, അസി.സെക്രട്ടറി (സെക്രട്ടറിയുടെ പൂർണ്ണ | 01.04.2017മുതൽ<br>02.07.2017 വരെ |

| | | |
|---|---|---|
| | (അധിക ചുമതല) | |
| ,, | ശ്രീമതി.എം.രാജേശ്വരി | 03.07.2017മുതൽ<br>31.03.2018 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ:-

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| അസിസ്റ്റന്റ് സെക്രട്ടറി | ശ്രീമതി.ഗ്രേസി.കെ.കെ | 01.04.2017മുതൽ<br>03.11.2017 വരെ |
| | ഒഴിവ് | 04.11.2017മുതൽ<br>30.11.2017 വരെ |
| | ശ്രീമതി.ബിന്ദു.ജി.നായർ | 01.12.2017മുതൽ<br>31.01.2018 വരെ |
| | ശ്രീമതി.മെറ്റി മേരി ജോസഫ് അറക്കൽ | 02.02.2018മുതൽ<br>31.03.2018 വരെ |
| കൃഷി ഓഫീസർ | ശ്രീമതി.നയൻതാര.എം.കെ (എംപ്ലോയ്മെന്റ് നിയമനം) | 01.04.2017മുതൽ<br>08.06.2017 വരെ |
| | ശ്രീമതി.പി.കെ.രാജലക്ഷമി | 09.06.2017മുതൽ<br>10.09.2017 വരെ |
| | ശ്രീ.ശ്രീജിത്ത് | 11.09.2017മുതൽ<br>31.10.2017 വരെ |
| | ശ്രീമതി.ആരതി ബാലകൃഷ്ണൻ | 01.11.2017മുതൽ<br>31.03.2018 വരെ |
| വെറ്ററിനറി സർജൻ | ഡോ.രാജലക്ഷ്മി.ആർ | 01.04.2017മുതൽ<br>16.07.2017വരെ |
| | ഡോ.സാജിത | 17.07.2017മുതൽ<br>31.03.2018വരെ |
| മെഡിക്കൽഓഫീസർ,പി.എച്ച്.സി | ഡോ.രേഖ.എൻ | 01.04.2017മുതൽ<br>31.03.2018 വരെ |
| മെഡിക്കൽഓഫീസർ,ആയുർവേദം | ഡോ.ജിഷ ജേക്കബ് | 01.04.2017മുതൽ<br>31.03.2018വരെ |
| മെഡിക്കൽഓഫീസർ,ഹോമിയോ | ഡോ.സ്റ്റീഫൻ ജോസ് | 01.04.2017മുതൽ<br>31.03.2018വരെ |
| വി.ഇ.ഒ | ശ്രീ.റോണി.എം.വൈ<br>(തളി സർക്കിൾ) | 01.04.2017മുതൽ<br>31.03.2018വരെ |
| | ശ്രീമതി.ധന്യ.സി<br>(വരവൂർ സർക്കിൾ) | 01.04.2017മുതൽ<br>31.03.2018 വരെ |

| | | |
|---|---|---|
| ഐ.സിഡിഎസ്.സൂപ്പർവൈസർ | ശ്രീമതി.കോമളവല്ലി.എ.സി | 01.04.2017മുതൽ 31.03.2018 വരെ |
| ഹെഡ്മിസ്ട്രസ്, ജി.എൽ.പി.എസ്, കൊണ്ടയൂർ | ശ്രീ.പ്രസാദ്.എം.ബി | 01.04.2017മുതൽ 31.03.2018 വരെ |
| അസിസ്റ്റന്റ് എൻജിനിയർ | ശ്രീമതി.ശ്രീന.എസ്.എൻ | 01.04.2017മുതൽ 09.10.2017 വരെ |
| | ശ്രീ.സുധീർ രാജ് | 10.10.2017മുതൽ 31.03.2018 വരെ |

ഉള്ളടക്കം


| ക്രമ നം | ഖണ്ഡിക | ഖണ്ഡിക നം |
|---|---|---|
| ഭാഗം – 1 | | |
| 1 | ബജറ്റ്/റിവൈസ്ഡ് ബജറ്റ് | 1-1 |
| 2 | വാർഷിക ധനകാര്യപത്രിക. | 1-2 |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതിന്റെ വിവരം | 1-3 |
| 4 | സാമ്പത്തിക വിശകലനം | 1-4 |
| 5 | ഫണ്ട് വിനിയോഗം | 1-5 |
| 6 | പദ്ധതി അവലോകനം | 1-6 |
| 7 | തൊഴിലുറപ്പ് പദ്ധതി | 1-7 |
| 8 | ക്ഷേമപദ്ധതികൾ | 1-8 |
| 9 | ക്യാഷ് പരിശോധന | 1-9 |
| 10 | ആഭ്യന്തരനിയന്ത്രണം | 1-10 |
| 11 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1-11 |
| 12 | വാർഷികകണക്കുകളിലെ അപാകതകൾ | 1-12 |
| ഭാഗം – 2 | | |
| 13 | ഡി & ഓ ലൈസൻസ് പുതുക്കുന്നതിന് സ്ഥാപനങ്ങൾ യഥാസമയം അപേക്ഷിക്കുന്നില്ല. | 2-1 |
| 14 | പന്നികൾക്കും പട്ടികൾക്കും ലൈസൻസ് എടുക്കുന്നതിൽ കാര്യമായ കുറവ്. | 2-2 |
| 15 | ഭവനനിധി രൂപീകരിച്ചിട്ടില്ല | 2-3 |
| 16 | ഇ-ടെണ്ടർ-ടെണ്ടർഫോറത്തിന്റെ വില പഞ്ചായത്തിന് ലഭ്യമാകുന്നില്ല | 2-4 |
| 17 | വസ്തുനികുതി പിരിവ് സമ്പൂർണ്ണതയിലേക്ക് | 2-5 |
| ഭാഗം – 3 | | |
| 18 | 2017-18 വർഷത്തെ പദ്ധതി ആസൂത്രണം, രൂപീകരണം, നിർവ്വഹണം - നിരീക്ഷണങ്ങൾ | 3-1 |
| 19 | പൊതുമരാമത്ത് മേഖല- വകയിരുത്തിയ ഫണ്ട് പൂർണ്ണമായി വിനിയോഗിക്കാനായില്ല | 3-2 |
| 20 | റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല | 3-3 |

| | | |
|---|---|---|
| 21 | മുൻ വർഷങ്ങളിലെ പദ്ധതിച്ചെലവുകൾ തിരികെ ലഭിച്ചത് സർക്കാരിലേക്ക് തിരിച്ചടക്കാൻ ബാക്കിനിൽക്കുന്നു. | 3-4 |
| 22 | കോട്ടക്കുന്ന് കുടിവെള്ള പദ്ധതി -പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ല | 3-5 |
| 23 | മരാമത്ത് പണികളുടെ ഭാഗമായി അഴിച്ചുമാറ്റുന്ന പഴയ സാധനങ്ങൾ,കുഴിച്ചെടുക്കുന്ന മണ്ണ് തുടങ്ങിയവ ലേലം ചെയ്യുന്നത് സംബന്ധിച്ച് വ്യക്തതയില്ല | 3-6 |
| 24 | മരാമത്ത് പ്രവൃത്തി- ജി.എസ്.ടി അടവാക്കുന്നതിനായി പിൻവലിച്ച തുക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപമായി തുടരുന്നു. | 3-7 |
| 25 | കുടിവെള്ള പദ്ധതികൾ-ഡെപ്പോസിറ്റ് പ്രവൃത്തികൾ-പൂർത്തീകരിച്ചതിന്റെ വിവരമില്ല. | 3-8 |
| 26 | സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ- വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല | 3-9 |
| 27 | ബഡ്സ് സ്കൂൾ- മതിയായ സൗകര്യങ്ങളൊരുക്കുന്നതിനും സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിനും നടപടികൾ സ്വികരിക്കേണ്ടതാണ്. | 3-10 |
| ഭാഗം – 4 | | |
| 28 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4-1 |
| 29 | നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ | 4-2 |
| 30 | മൊബിലൈസേഷൻ അഡ്വാൻസ് | 4-3 |
| 31 | വായ്പ/ വായ്പ തിരിച്ചടവ് | 4-4 |
| 32 | സ്ഥിര നിക്ഷേപങ്ങൾ | 4-5 |
| 33 | ഓഡിറ്റ് റിക്കവറി | 4-6 |
| 34 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിവരം | 4-7 |
| 35 | ചാർജ്ജ്/സർചാർജ്ജ് നടപടികളുടെ വിവരം | 4-8 |
| 36 | ഓഡിറ്റ് പ്രത്യവലോകനം | 4-9 |
| 37 | തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ | 4-10 |
| 38 | ഓഡിറ്റ് സർട്ടിഫിക്കറ്റ് | അനുബന്ധം1 |
| 39 | ഓഡിറ്റ് സംക്ഷിപ്തം | അനുബന്ധം2 |


# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്/റിവൈസ്ഡ് ബജറ്റ്

ബജറ്റ് 25.03.2017 തീയതിയിലെ 1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ചിട്ടുണ്ട്. പുതുക്കിയ ബജറ്റ് 24.03.2018 തീയതിയിലെ 2(1) നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുണ്ട്.

# 1-2 വാർഷികധനകാര്യപത്രിക

| ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തീയതി | അപാകത പരിഹരിച്ച് ലഭിച്ച തീയതി |
|---|---|---|---|
| 31.07.2018 | 04.05.18 | - | - |

# 1-3 വാർഷികധനകാര്യപത്രിക പരിശോധിച്ചതിന്റെ വിവരം

| വർഷം | സർട്ടിഫിക്കേഷന് കണക്കുകൾ പരിശോധിച്ച തീയതി | സർട്ടിഫിക്കറ്റ് നമ്പർ/തീയതി |
|---|---|---|
| 2017-18 | 13.06.2018, 14.06.2018 | കെ.എസ്.എ.ടി.എസ്.ആർ(ഇ3)1150/18(80) തീ.11.07.2018 |

# 1-4 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ് | 11023962 |
| വരവ് | 47627564 |
| ആകെ | 58651526 |
| ചെലവ് | 52757055 |
| നീക്കിയിരിപ്പ് | 5894471 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | | ഒ.ബി | വരവ് | ആകെ | ചെലവ് | സി.ബി |
|---|---|---|---|---|---|---|
| വികസന ഫണ്ട്-ജനറൽ (ACR പ്രകാരം) | | 0 | 11261000 | 11261000 | 8532629 | 2728371 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | | 0 | 7820222 | 7820222 | 6708384 | 1111838 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | | 0 | 2998 | 2998 | 0 | 2998 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | | 0 | 13592000 | 13592000 | 10626078 | 2965922 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | | 0 | 2591000 | 2591000 | 1633809 | 957191 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | | 0 | 5208656 | 5208656 | 5019351 | 189305 |
| കെ.എൽ.എസ്.ജി.ഡി.പി, സംസ്ഥാനം | | 0 | 701892 | 701892 | 669689 | 32203 |
| കെ.എൽ.എസ്.ജി.ഡി.പി, കേന്ദ്രം | | 0 | 509800 | 509800 | 222768 | 287032 |
| സാക്ഷരത | | 28950 | 1079 | 30029 | 0 | 30029 |
| ദുരിതാശ്വാസനിധി | | 0 | 0 | 0 | 0 | 0 |
| എം.ജി.എൻ.ആർ.ഇ.ജി.എസ് * | തൊഴിലാളികളുടെ കൂലി | 0 | 13114384 | 13114384 | 13114384 | 0 |
| | അഡ്മിനിസ്ട്രേറ്റീവ് ചെലവ് | 34336 | 982116 | 1016452 | 1015761 | 691 |
| ജലനിധി | | 1086136 | 40456 | 1126592 | 0 | 1126592 |

| | | | | | | |
|---|---|---|---|---|---|---|
| ശുചിത്വമിഷൻ ഗ്രാന്റ് | | 46750 | 96474 | 143224 | 96474 | 46750 |
| സ്വാഭിമാൻ | | 83731 | 8518 | 92249 | 0 | 92249 |
| ടി.എസ്.സി | | 306000 | 25000 | 331000 | 6275 | 324725 |
| എസ്.എസ്.എ | | 23302 | 868 | 24170 | 0 | 24170 |
| ഐ.സി.ഡി.എസ് | | 914529 | 227994 | 1142523 | 842300 | 300223 |
| ചിയാക് | | 0 | 4854 | 4854 | 0 | 4854 |
| തൊഴിൽ രഹിത വേതനം | | 0 | 103320 | 103320 | 103320 | 0 |
| വിവാഹധനസഹായം-വിധവളുടെ പെൺമക്കൾക്ക് | | 0 | 150000 | 150000 | 150000 | 0 |
| പ്രൊഡക്ഷൻ ബോണസ് | | 0 | 311896 | 311896 | 311896 | 0 |
| വിമുക്തി ഫണ്ട് | | 25000 | 12500 | 37500 | 3200 | 34300 |
| ജോയിന്റ് വെഞ്ചർ അക്കൗണ്ട് | ജില്ലാ പഞ്ചായത്ത് | 177360 | 501000 | 678360 | 678360 | 0 |
| | ബ്ലോക്ക് പഞ്ചായത്ത് | 355000 | 925000 | 1280000 | 1025000 | 255000 |
| തനത് ഫണ്ട് – വരവൂർ സർവ്വീസ് കോപ്പറേറ്റീവ് ബാങ്ക് | | 3724038 | 2411483 | 6135521 | 3310681 | 2824840 |
| തനത് ഫണ്ട് – എസ്.ബി.ഐ | | 183212 | 1790364 | 1973576 | 694808 | 1278768 |
| തനത് ഫണ്ട് – എസ്.ബി.ഐ കറന്റ് അക്കൗണ്ട് | | 0 | 34794 | 34794 | 20829 | 14145 |
| ജനറൽ പർപ്പസ് ഫണ്ട് | | 5454571 | 6719000 | 12173571 | 11731936 | 441635 |

* MGNREGS

പഞ്ചായത്തിൽ നിന്നും ലഭ്യമാക്കിയ മുന്നിരിപ്പ്, വരവ് ചെലവ് കണക്കുകളാണ് ചേർത്തിട്ടുള്ളത്. വാർഷിക കണക്കിലെ RP 40(a) പ്രകാരം MGNREGA അക്കൗണ്ടിലെ OB 2,34,236/- രൂപയാണ്. നോട്ട് നിരോധനവുമായി ബന്ധപ്പെട്ട് തനത് ഫണ്ട് വരുമാനമായ 1,99,898/- രൂപ ടി അക്കൗണ്ടിൽ നിക്ഷേപിച്ചതിനാലാണ് വ്യത്യാസം വന്നതെന്ന് പഞ്ചായത്തിൽ നിന്നും ലഭിച്ച വിശദീകരണം.

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 146 | 60863641 | 100 | 38715695 | 39 | 7 | 68.49% |

പൂർത്തിയാക്കാതെ ഉപേക്ഷിക്കപ്പെട്ട പദ്ധതികൾ

1)പ്രോജക്ട് നമ്പർ-43/17-18-സമഗ്ര വയോജന പരിപാലന പരിപാടി – ശ്രദ്ധ

2) 49/17-18 ആശ്രയ പദ്ധതി

3) 107/17-18 വരവൂർ ഗവ.എൽ.പി.സ്കൂൾ ശിശു സൗഹൃദ കളിസ്ഥല നിർമ്മാണം

4) 98/17-18 വാഴക്ക പറമ്പ് കോളനി കുടിവെള്ള പദ്ധതിക്ക് മോട്ടോർ

5) 99/17-18 പെരുംകുന്ന് കോളനി കുടിവെള്ള പദ്ധതിക്ക് പൈപ്പ് ലൈൻ എക്സ്റ്റൻഷൻ

6) 119/17-18 എ.ഇ.ഓഫീസിലേക്ക് ഉപകരണങ്ങൾ വാങ്ങൽ

7) 131/17-18 വെട്ടുകാട് കോളനി ശിവൻ പടി റോഡ് നിർമ്മാണം

# 1-7 തൊഴിലുറപ്പ് പദ്ധതി

| ഇനം | മുന്നിരിപ്പ് | വരവ് | ആകെ | ചെലവ് | നീക്കിയിരുപ്പ് |
|---|---|---|---|---|---|
| ഭരണചെലവുകൾ | 34336 | 982116 | 1016452 | 1015761 | 691 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | 0 | 13114384 | 13114384 | 13114384 | 0 |
| | 34336 | 14096500 | 14130836 | 14130145 | 691 |

# 1-8 ക്ഷേമ പദ്ധതികൾ

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|
| തൊഴിൽരഹിത വേതനം | 103230 | 173 |
| കർഷകതൊഴിലാളി പെൻഷൻ | 6027200 | 2074 |
| വിധവാപെൻഷൻ | 13414800 | 4499 |
| വാർദ്ധക്യകാലപെൻഷൻ | 13743100 | 4377 |
| വികലാംഗപെൻഷൻ | 3373600 | 1111 |
| 50 വയസ്സ് കഴിഞ്ഞ അവിവാഹിതരായ വനിതകൾക്കുള്ള പെൻഷൻ | 820300 | 286 |

# 1-9 ക്യാഷ് പരിശോധന

1994-ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ 6(4)-ാം വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 26.09.2018 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 8,762/- രൂപയുടെ ക്യാഷ് നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

# 1-10 ആഭ്യന്തരനിയന്ത്രണം

ഗ്രാമപഞ്ചായത്ത് പൗരാവകാശ രേഖ കാലികമായി പരിഷ്കരിച്ച് പ്രസിദ്ധീകരിച്ചിട്ടില്ല. ആസ്തി രജിസ്റ്റർ സൂക്ഷിക്കുന്നുണ്ടെങ്കിലും പഞ്ചായത്തിന്റെ എല്ലാ ആസ്തികളും അതിൽ ഉണ്ടെന്ന് ഉറപ്പുവരുത്തിയിട്ടില്ല. കൂടാതെ പുതുതായി സൃഷ്ടിക്കപ്പെടുന്ന ആസ്തികൾ അതിന്റെ യഥാർത്ഥ മൂല്യത്തോടെ ഉൾപ്പെടുത്തിയിട്ടില്ല. നിലവിലുള്ള ആസ്തികളിൽ നടത്തുന്ന കൂട്ടിച്ചേർക്കലുകൾ, കുറവുകൾ എന്നിവയും ചേർക്കുന്നില്ല. പഞ്ചായത്ത് ഓഡിറ്റ് വർഷം പ്രവൃത്തി നടത്തിയ പല റോഡുകളുടെ പേരുവിവരങ്ങളും ആസ്തി രജിസ്റ്ററിൽ കാണാനായില്ല. സ്റ്റോക്ക് ആന്റ് സ്റ്റോഴ്സ്, മറ്റു വിലപ്പെട്ട രേഖകൾ എന്നിവക്ക് ഇൻഷൂറൻസ് പരിരക്ഷ ഇല്ല.

പ്രതിമാസം സ്റ്റാഫ് മീറ്റിംഗ് വിളിച്ച് ചേർക്കുന്നുണ്ടെങ്കിലും ഓഫീസ് തീരുമാനങ്ങൾ നടപ്പിലാക്കുന്നുണ്ടോ എന്ന് മേലുദ്യോഗസ്ഥരും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയും പരിശോധിച്ച് ഉറപ്പ് വരുത്തുന്നതായി കാണുന്നില്ല. ജീവനക്കാരുടെ ചുമതലകൾ വ്യക്തമാക്കുന്ന ഓഫീസ് ഉത്തരവ് സെക്രട്ടറി പുറപ്പെടുവിക്കുന്നുണ്ട്. ജീവനക്കാർ പേഴ്സണൽ രജിസ്റ്റർ, റണ്ണിംഗ് നോട്ട് എന്നിവ എഴുതി സൂക്ഷിക്കുന്നില്ല. സൂചിക വഴിയുള്ള നിയന്ത്രണമാണ് നടപ്പിലുള്ളത്. ഫ്രണ്ട് ഓഫീസ് ഡയറി, പരാതി രജിസ്റ്റർ എന്നിവ സൂക്ഷിക്കുന്നുണ്ട്. ഫ്രണ്ട് ഓഫീസിൽ ഹെൽപ്പ് ഡസ്ക് സംവിധാനം ഒരുക്കിയിട്ടുണ്ട്.

ദുരിതാശ്വാസ നിധി രൂപീകരിച്ചിട്ടില്ല. (18-3-2003 ലെ സ.ഉ. 92/2003 , 2003 ലെ കേരള പഞ്ചായത്ത് രാജ് (ദുരിതാശ്വാസ നിധി രൂപീകരണവും വിനിയോഗവും) ചട്ടങ്ങൾ.)

ഇ ടെണ്ടർ സമ്പ്രദായത്തിലൂടെ മരാമത്ത് പ്രവൃത്തികൾക്ക് കരാർ നൽകുമ്പോൾ ജില്ലാ പഞ്ചായത്ത് അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്യപ്പെട്ട തുക പഞ്ചായത്തിന് തിരികെ ലഭിക്കുവാൻ വേണ്ട നടപടിയെടുക്കേണ്ടതാണ്.

ലൈഫ് മിഷന് വേണ്ടി ഭവന നിധി രൂപീകരിച്ചിട്ടില്ല

ഗ്രാമപഞ്ചായത്ത് ഭരണ സമിതിയുടേയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റകൾ, വർക്കിംഗ് ഗ്രൂപ്പുകൾ, ഗ്രാമ സഭകൾ എന്നിവയുടെയും യോഗങ്ങൾ നിയമത്തിലും, ചട്ടങ്ങളിലും വ്യവസ്ഥ ചെയ്തിരിക്കുന്ന പ്രകാരം കൂടുന്നുണ്ട്. യോഗത്തിന്റെ മിനിറ്റ്സുകൾ, ഗ്രാമ സഭ മിനിറ്റ്സുകൾ എന്നിവ ഒരുവിധം ഭംഗിയായി എഴുതി സൂക്ഷിക്കുന്നുണ്ട്. എന്നാൽ ഗ്രാമ സഭയിൽ ചർച്ച ചെയ്ത പല വിഷയങ്ങളെ സംബന്ധിച്ചും പഞ്ചായത്ത് കമ്മിറ്റി ചർച്ച ചെയ്തതായി കാണുന്നില്ല.സ്റ്റാറ്റസ് റിപ്പോർട്ട്, വർക്കിംഗ് ഗ്രൂപ്പ് നിർദ്ദേശങ്ങൾ എന്നിവ ഉൾക്കൊണ്ടുകൊണ്ടല്ല പദ്ധതികൾ പൂർണ്ണമായും രൂപീകരിക്കപ്പെടുന്നത്. ക്ഷേമകാര്യസ്റ്റാന്റിംഗ്കമ്മറ്റിതീരുമാനങ്ങൾ പ്രധാനമായും സാമൂഹ്യസുരക്ഷാ പെൻഷൻ ഗുണഭോക്താക്കളെ തെരഞ്ഞെടുക്കുന്നവയാണ്,പദ്ധതി ആസൂത്രണവുമായി ബന്ധപ്പെട്ട ചർച്ചകൾ കാര്യമായി നടത്തിയതായി മിനുട്സിൽ കാണുന്നില്ല

വരവൂർഗ്രാമപഞ്ചായത്തിന്റെ ആഭ്യന്തര നിയന്ത്രണം പൊതുവെ തൃപ്തികരമാണ്. ആഭ്യന്തര നിയന്ത്രണ സംവിധാനങ്ങൾ കൂടുതൽ ശക്തിപ്പെടുത്തുന്നതിനാവശ്യമായ നടപടികൾ പഞ്ചായത്ത് കമ്മിറ്റിയും വിവിധ സ്റ്റാന്റിംഗ് കമ്മിറ്റികളും കൈക്കൊള്ളേണ്ടതാണ്.

## 1-11 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 17.09.2018 | 08/2018 | ലഭ്യമായിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 07.12.2016 മുതൽ 22.12.2016 വരെ | 2011-12 മുതൽ 2015-16 വരെ | 23.01.2017 |

## 1-12 വാർഷിക കണക്കുകളിലെ അപാകതകൾ.

1. വാർഷികകണക്കുകളോടൊപ്പം ഹാജരാക്കേണ്ട അടിസ്ഥാന അനുപാതങ്ങൾ, സെക്രട്ടറിയുടെ കുറിപ്പുകൾ എന്നിവ സംബന്ധിച്ച പത്രികകൾ ഹാജരാക്കിയിട്ടില്ല.

2. വരവൂർ സർവ്വീസ് സഹകരണബാങ്ക് അക്കൗണ്ടിന്റെ റീകൺസിലിയേഷൻ പത്രികയിൽ ചെക്ക് നം.2700/19.11.15 പ്രകാരം 709/-രൂപ, ചെക്ക് നം.1578/14.7.15 പ്രകാരം 4200/- രൂപ എന്നിവ uncashed cheque ഇനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കാലഹരണപ്പെട്ട ഇവ Liability in respect of stale cheque എന്ന ശീർഷകത്തിലേക്ക് മാറ്റിയിട്ടില്ല. മാത്രമല്ല ചെക്ക് നം.885624/18.10.14 പ്രകാരം 15000/- രൂപ cheque deposited but not collected എന്ന ഇനത്തിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ മേൽ തുക ലഭിക്കാനുള്ള തുടർനടപടികൾ സ്വീകരിച്ചിട്ടില്ല.

3. നിർവ്വഹണോദ്യോഗസ്ഥന്റെ കാഷ് ബുക്ക് പ്രകാരം ഞെട്ടുകാണി കോളനി റോഡ് (പ്രൊ.നം.129/18) എന്ന

പ്രവൃത്തിക്ക് പാർട്ട് ബിൽ ആയി 344281/- രൂപ നൽകിയിട്ടുണ്ട്. ആയത് capital work in progress ആയി B-11(a) ഷെഡ്യൂളിൽ ചേർത്തിട്ടില്ല.

4. 2017-18 സാമ്പത്തികവർഷത്തെ വാർഷികകണക്കിന്റെ B-12 ഷെഡ്യൂൾ പ്രകാരം 1000/- രൂപ ഇക്വിറ്റി ഷെയറായി കാണിച്ചിട്ടുണ്ട്. എന്നാൽ ആയതു സംബന്ധിച്ച ഇൻവെസ്റ്റ്മെന്റ് രജിസ്റ്റർ, ഷെയർ സർട്ടിഫിക്കറ്റ് തുടങ്ങിയവ ഹാജരാക്കിയില്ല.

5. ആസ്തി രജിസ്റ്റർ കാലികമാക്കിയിട്ടില്ല. വാർഷികകണക്കിലെ ആസ്തികളുടെ മൂല്യം പരിശോധിക്കത്തക്ക വിധമല്ല ആസ്തി രജിസ്റ്ററിന്റെ നിലവിലെ ഘടന.

6. ക്യാഷ് ഫ്ലോ സ്റ്റേറ്റ്മെന്റ് പ്രകാരം Net decrease in Cash/Cash equivalents 5129491/-രൂപയും, Net cash generated (-)662899/- രൂപയുമാണ്. ഇവ തമ്മിൽ പൊരുത്തപ്പെടുന്നില്ല.

7. ടി.എസ്.ബി അക്കൗണ്ടിന്റെ 31.3.18-ലെ ബാങ്ക് ബുക്ക് പ്രകാരമുള്ള നീക്കിയിരിപ്പ് 441635/- രൂപയാണ്. ബി-17 ഷെഡ്യൂളിലും ഈ തുക തന്നെയാണ് രേഖപ്പെടുത്തിയിരിക്കുന്നത്. ട്രഷറിയിൽ നിന്നും പിൻവലിച്ച (redemption) 5867005/- രൂപ ബി-15 ഷെഡ്യൂളിൽ 'റിസീവബിൾസ് 'ആയി ചേർത്തിട്ടുണ്ട്. എന്നാൽ റീകൺസിലിയേഷൻ പത്രികയിൽ ഈ തുക കൂടി ഉൾപ്പെട്ട 6308640/- രൂപയാണ് ബാങ്ക് ബുക്ക് തുകയായി ചേർത്തിരിക്കുന്നത്.

8. 2017-18 വർഷത്തെ വസ്തുനികുതിയുടെ റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ ഇനങ്ങളിലെ സഞ്ചയയിൽ നിന്നും ലഭിക്കുന്ന ഡി.സി.ബി. പത്രികകൾ ഹാജരാക്കിയില്ല. റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ ഇനങ്ങളുടെ കൺസോളിഡേറ്റഡ് ഡി.സി.ബി. പത്രികയാണ് ഹാജരാക്കിയത്.

9. 2016-17 വാർഷിക കണക്കിന്റെ ബി-15 ഷെഡ്യൂൾ പ്രകാരം ഈടാക്കാൻ അവശേഷിക്കുന്ന തുകയും 2017-18 വർഷത്തെ കുടിശ്ശിക ഡിമാന്റ് തുകയും വ്യത്യാസപ്പെട്ടിരിക്കുന്നു. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| 2016-17 വാർഷിക കണക്കിന്റെ B-15 ഷെഡ്യൂൾ പ്രകാരമുള്ള കുടിശ്ശിക തുക (റസിഡൻഷ്യൽ) ലൈബ്രറി സെസ് ഇല്ലാതെ | 2017-18 സഞ്ചയ ഡി.സി.ബി. പത്രിക പ്രകാരമുള്ള ഡിമാന്റ് തുക. (ലൈബ്രറി സെസ് ഇല്ലാതെ) റസിഡൻഷ്യൽ + നോൺ റസിഡൻഷ്യൽ | കുറിപ്പുകൾ |
|---|---|---|
| 729595 | 851671 | കുടിശ്ശിക ഡിമാന്റിൽ വർദ്ധനവ് വരുത്തിയിരിക്കുന്നു |

10. 2016-17 വാർഷികകണക്കിന്റെ ബി-15 ഷെഡ്യൂൾ പ്രകാരം റസിഡൻഷ്യൽ ഇനത്തിൽ മാത്രമാണ് കുടിശ്ശികയുള്ളത്. എന്നാൽ 2017-18 വാർഷികകണക്കിന്റെ RP-43 ഷെഡ്യൂൾ പ്രകാരം റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ ഇനത്തിൽ കുടിശ്ശികയിനത്തിൽ വരവുണ്ട്. മാത്രമല്ല B-15 ഷെഡ്യൂൾ പ്രകാരം റസിഡൻഷ്യൽ, നോൺ റസിഡൻഷ്യൽ ഇനങ്ങളിലെ ലൈബ്രറി സെസ് അടക്കം യഥാക്രമം 65.65 രൂപ, 31719/- രൂപ എന്നിങ്ങനെ ഈടാക്കാൻ അവശേഷിക്കുന്നുണ്ട്.

11. 2017-18 വാർഷികകണക്കിന്റെ I-18 (prior period items) ഷെഡ്യൂളിൽ ഉൾപ്പെടുന്ന താഴെ പറയുന്ന ഇനങ്ങളിൽ ജേണൽ വൗച്ചർ പ്രകാരം എഴുതിതള്ളിയ തുകകൾക്കും, വരുമാനമായി ക്രമീകരിച്ച തുകകൾക്കും തിരുത്തൽ എൻട്രികൾക്കും ക്ഷമതയുള്ള ഉദ്യോഗസ്ഥൻ അംഗീകരിച്ച വൗച്ചറുകളോ, രേഖപ്പെടുത്തലുകൾക്ക് പിൻബലമേകുന്ന വർക്ക്ഷീറ്റുകളോ ഓഡിറ്റിന് ലഭ്യമാക്കിയില്ല. വിശദാംശം ചുവടെ ചേർക്കുന്നു.

| ശീർഷകം | ഇനം | തുക |
|---|---|---|
| 280100101 | Prior period income- property tax on residential building | 188412 |
| 280100102 | Prior period income-prof.tax -institutions /professionals/traders | 1620 |
| 280100104 | Prior period income- property tax on non -residential building | 92194 |
| 280200201 | Prior period income-licence fees | 600 |
| 280800801 | Prior period income-programme expenses | 220142 |

# ഭാഗം-2

## വരവ്വ കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 ഡി & ഓ ലൈസൻസ് പുതുക്കുന്നതിന് സ്ഥാപനങ്ങൾ യഥാസമയം അപേക്ഷിക്കുന്നില്ല.

ഗ്രാമപഞ്ചായത്തിൽ തയ്യാറാക്കിയിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് പ്രകാരം 183 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നതായാണ് അറിയുവാൻ സാധിക്കുന്നത്. എന്നാൽ ഡി&ഒ ലൈസൻസ് രജിസ്റ്റർ പ്രകാരം 2017-18 കാലയളവിലേക്കായി 2017 ഫെബ്രുവരി 28-നകം വെറും 8 സ്ഥാപനങ്ങൾ മാത്രമാണ് ലൈസൻസിന് അപേക്ഷ സമർപ്പിച്ചത്. ബാക്കിയുള്ള സ്ഥാപനങ്ങൾ 2017-18 സാമ്പത്തിക വർഷത്തിൽ പല സമയത്തായി അപേക്ഷ സമർപ്പിക്കുന്നതായും സമർപ്പിക്കുന്ന മുറയ്ക്ക് ലൈസൻസ് നൽകുന്നതായും കാണുന്നു. ആയത് കൊണ്ട് തന്നെ 2017-18 സാമ്പത്തിക വർഷത്തിൽ ഡി&ഒ ലൈസൻസ് ഫീസിനത്തിൽ ഡിമാന്റ് ആയി കാണിച്ചിരുന്ന 26,700 രൂപയിൽ 25,900 രൂപയും അതേ സാമ്പത്തിക വർഷത്തിൽ മാത്രം ലഭ്യമാകുകയാണ് ചെയ്തിട്ടുള്ളത്. വെറും 800 രൂപ മാത്രമാണ് 2016-17 സാമ്പത്തിക വർഷം അഡ്വാൻസായി ലഭിച്ചത്. അത് പോലെ തന്നെ 2018-19 വർഷത്തേക്ക് ഡി&ഒ ലൈസൻസ് ഫീസിനത്തിൽ അഡ്വാൻസായി 2,300 രൂപ മാത്രമാണ് ലഭിച്ചിട്ടുള്ളത്.

1996 ലെ കേരള പഞ്ചായത്ത് രാജ് (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 10 പ്രകാരം ലൈസൻസ് പുതുക്കുന്നതിനുള്ള അപേക്ഷ ഏതൊരു സാമ്പത്തിക വർഷവും അവസാനിക്കുന്നതിന് മുപ്പത് ദിവസത്തിനു മുമ്പായി സമർപ്പിക്കേണ്ടതാണ്. വരവൂർ ഗ്രാമപഞ്ചായത്തിൽ പ്രവർത്തിക്കുന്ന 95% വ്യാപാര വ്യവസായ സ്ഥാപനങ്ങളും ഈ ചട്ടം പാലിക്കുന്നതായി കാണുന്നില്ല. ഗ്രാമപഞ്ചായത്ത് പരിധിയിൽ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ ലൈസൻസ് എടുക്കേണ്ടതിന്റെ നിയമവശം ബോധ്യപ്പെടുത്തുകയും മുഴുവൻ സ്ഥാപനങ്ങളെയും യഥാസമയം ലൈസൻസ് എടുപ്പിക്കുന്നതിനായി കാര്യക്ഷമമായ പ്രവർത്തനങ്ങൾ നടത്തേണ്ടതാണ്. ലൈസൻസിന് അപേക്ഷ സമർപ്പിക്കുവാൻ വൈകുന്നത് ടി സ്ഥാപനങ്ങൾ ലൈസൻസില്ലാതെ പ്രവർത്തിക്കുന്നതായി കണക്കാക്കേണ്ടതും ആയത് ഗൗരവത്തോടെ തന്നെ കണക്കാക്കേണ്ടതുമാണ്.

പഞ്ചായത്തിൽ ലഭ്യമായിട്ടുള്ള ട്രേഡേഴ്സ് ലിസ്റ്റ് വാർഡ് അടിസ്ഥാനത്തിൽ ക്രമീകരിച്ച് സ്ഥാപനത്തിന്റെ മുഴുവൻ വിവരങ്ങളും ഉൾക്കൊള്ളിച്ച് പരിഷ്കരിക്കേണ്ടതാണ്. ഫീൽഡ് പരിശോധന നടത്തി ലിസ്റ്റിൽ ഉൾപ്പെടാത്ത സ്ഥാപനങ്ങളെ ഡി&ഒ ലൈസൻസ് പരിധിയിൽ കൊണ്ടുവരേണ്ടതും നിലവിൽ ലൈസൻസ് എടുത്തിട്ടുള്ള സ്ഥാപനങ്ങളുടെ വിറ്റ് വരവിലുണ്ടാകുന്ന വർദ്ധനവ് പരിഗണിച്ച് ലൈസൻസ് ഫീസിൽ വർദ്ധനവ് വരുത്തേണ്ടതുമാണ്. തനത് വരുമാനം വർദ്ധിപ്പിക്കാനുതകുന്ന ഈ വിഷയത്തിൽ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെ ഗൗരവപൂർണ്ണമായ ഇടപെടൽ ഉണ്ടാകേണ്ടതാണ്.

## 2-2 പന്നികൾക്കും പട്ടികൾക്കും ലൈസൻസ് എടുക്കുന്നതിൽ കാര്യമായ കുറവ്.

1998 ലെ കേരള പഞ്ചായത്ത് രാജ് (പന്നികൾക്കും പട്ടികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങളിലെ ചട്ടം 4 പ്രകാരമുള്ള ലൈസൻസ് 14 പേർ മാത്രമാണ് 2017-18 സാമ്പത്തിക വർഷത്തിൽ എടുത്തിട്ടുള്ളത്. എന്നാൽ 2016-17 വർഷം 119 പേർ ലൈസൻസ് എടുത്തിരുന്നു. 2017-18 ലെ പദ്ധതി രേഖ പ്രകാരമുള്ള കന്നുകാലി സെൻസസിൽ ഗ്രാമപഞ്ചായത്തിൽ 327 പട്ടികൾ ഉള്ളതായാണ് രേഖപ്പെടുത്തിയിട്ടുള്ളത്. ഇത് സംബന്ധിച്ച് നടത്തിയ ഓഡിറ്റ് അന്വേഷണം നം.2/24.09.18 നുള്ള മറുപടിയിൽ വാക്സിനേഷൻ&ക്യാമ്പുകൾ നടത്തിയിരുന്നതായും വളരെ കുറച്ച് അപേക്ഷകർ മാത്രം ഹാജരായതിനാലാണ് ഇത്തരത്തിൽ കുറവ് സംഭവിച്ചത് എന്നും അറിയിച്ചിട്ടുണ്ട്. ഒരു സാമൂഹിക പ്രശ്നം എന്ന രീതിയിൽ ഇതിനെ സമീപിച്ച് ഗ്രാമപഞ്ചായത്ത് പരിധിയിൽ ലൈസൻസും വാക്സിനേഷനും എല്ലാ പട്ടികൾക്കും നിർബന്ധമായും എടുപ്പിക്കേണ്ടതാണ്.

## 2-3 ഭവനനിധി രൂപീകരിച്ചിട്ടില്ല

സമ്പൂർണ്ണ പാർപ്പിട സുരക്ഷ പദ്ധതി(ലൈഫ് ഭവന പദ്ധതി)യുടെ മാർഗ്ഗരേഖ ഉത്തരവ് നം സ.ഉ151/2017 തീ 31.7.17 ൽ ലൈഫ് ഭവന പദ്ധതിയുടെ ധനസമാഹരണത്തിൽ പൊതുജന പങ്കാളിത്തം ഉറപ്പാക്കുന്നതിനായി ഒരു ഭവനനിധി രൂപീകരിക്കേണ്ടതാണെന്നും എല്ലാ തദ്ദേശ സയംഭരണ സ്ഥാപനതലത്തിലും ബന്ധപ്പെട്ട അദ്ധ്യക്ഷൻ, സെക്രട്ടറി എന്നിവരുടെ പേരിൽ ജോയിന്റ് അക്കൗണ്ട് ആയി ഭവനനിധി ആരംഭിക്കേണ്ടതാണെന്നും നിർദ്ദേശമുണ്ട്. ആയതനുസരിച്ച് വരവൂർ പഞ്ചായത്തിൽ ഭവനനിധി രൂപീകരിച്ചിട്ടില്ല.

ഓരോ തദ്ദേശസ്വയംഭരണ സ്ഥാപനപരിധിയിലും ഉള്ള തൊഴിലാളികൾ, ഉദ്യോഗസ്ഥർ, കച്ചവടക്കാർ, സംരംഭകർ തുടങ്ങി എല്ലാവരിൽ നിന്നും ഒരു ദിവസത്തെവേതനം/വരുമാനം ഭവനനിധിയിലേക്ക് സംഭാവനയായി ശേഖരിക്കാൻ തദ്ദേശ സ്വയംഭരണസ്ഥാപനത്തിന് കഴിയണം എന്നാണ് ലൈഫ് ഭവന പദ്ധതിയുടെ മുകളിൽ പറഞ്ഞ മാർഗ്ഗരേഖയിൽ നിർദ്ദേശിച്ചിട്ടുള്ളത്. സമൂഹത്തിലെ വിവിധ മേഖലയിൽ പ്രവർത്തിക്കുന്നവർ, സ്ഥാപനങ്ങൾഎന്നിവർക്ക് ഈ അക്കൗണ്ടിലേക്ക് സംഭാവന നൽകാവുന്നതാണ്. ഭവനനിധി രൂപീകരിച്ച് വാർഡ് മെമ്പർമാരുടെ നേതൃത്വത്തിൽ വേണ്ട രീതിയിൽ പ്രചരണം നടത്തി പരമാവധി ജനങ്ങളിലേക്ക് ഈ പദ്ധതിയെ സംബന്ധിച്ച് വിവരം എത്തിച്ച് സംഭാവനകൾ സ്വീകരിക്കുന്നതിന് നടപടി സ്വീകരിക്കുന്നതിലേക്ക് പഞ്ചായത്ത് അധികാരികളുടെ ശ്രദ്ധ ക്ഷണിക്കുന്നു.

## 2-4 ഇ-ടെണ്ടർ-ടെണ്ടർഫോറത്തിന്റെ വില പഞ്ചായത്തിന് ലഭ്യമാകുന്നില്ല

ഗ്രാമപഞ്ചായത്ത് ഇ-ടെണ്ടർ നടത്തുമ്പോൾ ടെണ്ടർഫോറത്തിന്റെ വില ജില്ലാ പഞ്ചായത്ത് എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ പേരിലുള്ള അക്കൗണ്ടിലേക്കാണ് കരാറുകാർ ഓൺലൈനായി അടവാക്കുന്നത്. ടെണ്ടർ ഫോറത്തിന്റെ വില പഞ്ചായത്തിന്റെ തനത് വരുമാനമായതിനാൽ ഈ തുക പഞ്ചായത്ത് സെക്രട്ടറിയുടെ പേരിലുള്ള തനത് ഫണ്ട് അക്കൗണ്ടിലേക്ക് തിരികെ ലഭിക്കേണ്ടതാണ്. എന്നാൽ നാളിതുവരെ ടെണ്ടർഫോമിന്റെ വിലയിനത്തിൽ ലഭിക്കേണ്ടിയിരുന്ന തുക ലഭ്യമായിട്ടില്ല. പഞ്ചായത്തിന്റെ തനതു വരുമാനമായ മേൽ തുക എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ അക്കൗണ്ടിൽ നിന്നും പഞ്ചായത്തിന് ലഭ്യമാകുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-5 വസ്തുനികുതി പിരിവ് സമ്പൂർണ്ണതയിലേക്ക്

2017-18 സാമ്പത്തിക വർഷത്തെ വസ്തുനികുതി റവന്യൂ റിക്കവറിക്കായി നൽകിയ തുക ഉൾപ്പടെ 100% പിരിച്ചെടുത്തതായി ഓഡിറ്റ് അന്വേഷണം നം.6/25.09.2018 നുള്ള മറുപടിയിൽ അറിയിച്ചിട്ടുണ്ട്. 2016-17 വർഷത്തിൽ 68.75% കളക്ഷനാണ് ഉണ്ടായിരുന്നത്. 19.09.2017 ലെ ജനറൽ കമ്മറ്റി തീരുമാനം നം.2 പ്രകാരം വസ്തു നികുതി നോട്ടീസ് വിതരണത്തിന് കുടുംബശ്രീയെ ഒരു വീടിന് 5 രൂപ നിരക്ക് നൽകി ചുമതലപ്പെടുത്തിയിരുന്നു. ഈ നടപടിയും ക്യാമ്പ് കളക്ഷൻ, ആർ.ആർ നടപടികൾ, ഓൺലൈൻ കളക്ഷൻ എന്നിവയും ഫലപ്രദമായി ഉപയോഗപ്പെടുത്താൻ ഗ്രാമപഞ്ചായത്ത് അധികൃതർക്ക് സാധിച്ചു എന്നുള്ളത്

അഭിനന്ദനാർഹമാണ്. ഇക്കാര്യത്തിൽ ഭരണസമിതിയുടെയും പ്രത്യേകിച്ച് ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിയുടെയും കാര്യക്ഷമമായ ഇടപെടലുകളും അഭിനന്ദനം അർഹിക്കുന്നു.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 2017-18 വർഷത്തെ പദ്ധതി ആസൂത്രണം, രൂപീകരണം, നിർവ്വഹണം - നിരീക്ഷണങ്ങൾ

1) വിഭവങ്ങളുടെ മേഖലാവിഭജനം നിശ്ചയിക്കൽ - സുതാര്യതയില്ല

എ) വനിതാഘടകപദ്ധതി

ജി.ഒ (എം.എസ് )നം. 72/2017/തസ്വഭവ തി. 29.03.2017 പ്രകാരം ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ പതിമൂന്നാം പഞ്ചവത്സരപദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കുന്നതിനുള്ള മാർഗ്ഗനിർദ്ദേശങ്ങൾ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. പ്രസ്തുത മാർഗ്ഗരേഖയിലെ ഖണ്ഡിക 11.4 (വിഭവങ്ങളുടെ മേഖലാവിഭജനം നിശ്ചയിക്കൽ) ലെ ക്രമനമ്പർ 9 പ്രകാരം ഗ്രാമപഞ്ചായത്ത് അതിന്റെ പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി എന്നിവ കൂട്ടിയ തുകയുടെ കുറഞ്ഞത് 10 ശതമാനമെങ്കിലും വനിതാഘടകപദ്ധതിക്കായി വകയിരുത്തേണ്ടതുണ്ട്. മേൽസൂചിപ്പിച്ച ഉത്തരവിലെ തന്നെ ഖണ്ഡിക 12.13.2(6) പ്രകാരം ഭവനനിർമ്മാണം, കക്കൂസ് നിർമ്മാണം, വീട് വൈദ്യുതീകരണം പോലെയുള്ള പദ്ധതികളും ഖണ്ഡിക 13.3 (13) പ്രകാരം പട്ടികജാതി വിഭാഗത്തിലെ പെൺകുട്ടികളുടെ വിവാഹധനസഹായപദ്ധതിയും വനിതാഘടകപദ്ധതിയായി വകയിരുത്താവുന്നതല്ല.

സുലേഖ സോഫ്റ്റ് വെയറിൽ നിന്നും ലഭ്യമായ 2017-18 ലെ പദ്ധതിചെലവുപത്രിക പ്രകാരം പൊതുവിഭാഗം വികസനഫണ്ട്, എസ്.സി.പി എന്നീ ഇനങ്ങളിലെ ആകെ വകയിരുത്തൽ താഴെ പറയും പ്രകാരമാണ്.

| | | |
|---|---|---|
| വികസനഫണ്ട് (പൊതുവിഭാഗം) | 1,24,77,214.00 (സ്പിൽ ഓവർ ഉൾപ്പെടെ) | 1,12,61,000.00 (തൻവർഷത്തെ മാത്രം) |
| എസ്.സി.പി | 1,10,98,948.00 (സ്പിൽ ഓവർ ഉൾപ്പെടെ) | 78,25,000.00 (തൻവർഷത്തെ മാത്രം) |
| ആകെ | 2,35,76,162.00 | 1,90,86,000.00 |

പട്ടികയിൽ കാണിച്ചിട്ടുള്ള ആകെ തുകകളുടെ 10% വനിതാഘടകപദ്ധതിക്കായി വികസനഫണ്ടിൽ നിന്നും വകയിരുത്തേണ്ടതുണ്ട്. സ്പിൽ ഓവർ ഒഴിവാക്കി തൻവർഷത്തെ വികസനഫണ്ട് (പൊതുവിഭാഗം & എസ്.സി.പി) മാത്രം കണക്കാക്കുമ്പോൾ 19,08,600 രൂപ വനിതാഘടകപദ്ധതിക്കായി വകയിരുത്തേണ്ടതുണ്ട്. എന്നാൽ, സുലേഖയിൽ നിന്നും ലഭ്യമായ “Special plan wise expenditure report" പ്രകാരം ഗ്രാമപഞ്ചായത്തിന്റെ വാർഷികപദ്ധതിയിൽ വകയിരുത്തിക്കാണുന്ന തുക താഴെപറയും പ്രകാരമാണ്.

| | |
|---|---|
| വനിതഗ്രൂപ്പുകൾക്ക് സ്വയംസംരഭത്തിന് ധനസഹായം (SO) | 1,00,000.00 |
| പട്ടികജാതി യുവജനങ്ങൾക്ക് വാദ്യോപകരണങ്ങൾ | 1,02,837.00 |
| അങ്കണവാടി ജീവനക്കാർക്ക് അധിക(വർദ്ധിപ്പിച്ച) വേതനം നൽകൽ | 6,57,800.00 |

| | |
|---|---|
| സാധുക്കളായ വിധവകളുടെ പെണ്മക്കളുടെ വിവാഹധനസഹായം | 4,20,000.00 |
| ആകെ | 12,80,637.00 |

മാത്രമല്ല, അങ്കണവാടി ജീവനക്കാർക്ക് അധിക (വർദ്ധിപ്പിച്ച) വേതനം നൽകൽ പദ്ധതിക്ക് വകയിരുത്തിയ 6,57,800/- രൂപയും വിവാഹധനസഹായം പദ്ധതിക്ക് വകയിരുത്തിയ 4,20,000/- രൂപയും വനിതാഘടകപദ്ധതിക്കായി വകയിരുത്താവുന്നതല്ല. സ്പിൽ ഓവറായ വനിത ഗ്രൂപ്പുകൾക്ക് സ്വയംസംരഭത്തിന് ധനസഹായം പദ്ധതിയും മേൽസൂചിപ്പിച്ച രണ്ടുപദ്ധതികളും ഒഴികെ ആകെ 1,02,837 രൂപയാണ് വനിതാഘടകപദ്ധതിയിൽ വകയിരുത്തിയിട്ടുള്ളത്. ആയതിനാൽ, ഈ മേഖലയിൽ 11,77,800/- രൂപ വകയിരുത്തലിൽ കുറവുവന്നതായി കണക്കാക്കാവുന്നതാണ്.

ബി) ഉല്പാദനമേഖല

മേൽസൂചിപ്പിച്ച പദ്ധതി മാർഗ്ഗരേഖ പ്രകാരം ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ പൊതുവിഭാഗം വികസനഫണ്ടിന്റെ ഏറ്റവും കുറഞ്ഞത് 30 ശതമാനമെങ്കിലും ഉല്പാദനമേഖലക്ക് വകയിരുത്തണം. 2017-18 വർഷം ഗ്രാമപഞ്ചായത്ത് അതിന്റെ വാർഷികപദ്ധതികൾക്കായി ആകെ വകയിരുത്തിയ പൊതുവിഭാഗം വികസനഫണ്ട് 1,12,61,000.00 രൂപയാണ് (സ്പിൽ ഓവർ അടക്കം 12,477,214/-) . ആയതിന്റെ 30%, അതായത് 33,78,300/- രൂപ ഉല്പാദനമേഖലയിൽ വകയിരുത്തേണ്ടതുണ്ട്. എന്നാൽ, സുലേഖയിലെ " Categorywise - Sectorwise Report" പ്രകാരം വകയിരുത്തിയത് 32,56,193/- രൂപയാണ്. ടി മേഖലയിൽ വകയിരുത്തേണ്ട തുകയേക്കാൾ 1,22,107/- രൂപ കുറവാണ് വകയിരുത്തിയിട്ടുള്ളത്.

സി) മാലിന്യസംസ്കരണം- ഗ്രാമപഞ്ചായത്തിന്റെ വാർഷികപദ്ധതിയിൽ അവഗണിക്കപ്പെട്ടു

ഗ്രാമ, ബ്ലോക്ക്, ജില്ലാപഞ്ചായത്തുകൾ പൊതുവിഭാഗം വികസനഫണ്ടിന്റെ ഏറ്റവും കുറഞ്ഞത് 10 ശതമാനമെങ്കിലും മാലിന്യസംസ്കരണത്തിന് പ്രാധാന്യം കൊടുത്തുകൊണ്ട് ഹരിതകേരളം മിഷൻ പ്രൊജക്ടുകൾക്ക് വകയിരുത്തണം. 2017-18 വർഷം ഗ്രാമപഞ്ചായത്ത് അതിന്റെ വാർഷികപദ്ധതികൾക്കായി ആകെ വകയിരുത്തിയ പൊതുവിഭാഗം വികസനഫണ്ട് 1,12,61,000.00 രൂപയാണ് (സ്പിൽ ഓവർ അടക്കം 12,477,214/-) . ആയതിന്റെ 10%, അതായത് 11,26,100/- രൂപ മേൽപറഞ്ഞ മേഖലയിൽ വകയിരുത്തേണ്ടതുണ്ട്. വില്ലേജ് എക്സ്റ്റൻഷൻ ഓഫീസറെ നിർവ്വഹണ ഉദ്യോഗസ്ഥയാക്കി ഗാർഹികബയോഗ്യാസ് പ്ലാന്റ് (.5 ക്യുബിക് മീറ്റർ വിത്ത് വാട്ടർ ജാക്കറ്റ്), മാലിന്യസംസ്കരണം- റിംഗ് കമ്പോസ്റ്റ് യൂണിറ്റ് എന്നീ പ്രൊജക്ടുകൾ യഥാക്രമം 47250/-രൂപയും(23625/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ്, 23625/- രൂപ മറ്റുള്ളവ), 23750/- രൂപയും (11875/- രൂപ ധനകാര്യകമ്മീഷൻ ഗ്രാന്റ്, 11875/- രൂപ മറ്റുള്ളവ) വകയിരുത്തി രൂപീകരിച്ചിട്ടുണ്ടെങ്കിലും തൻവർഷം തുക ചെലവഴിച്ചിട്ടില്ല. ഇതിനുപുറമെ, മെറ്റീരിയൽ റിക്കവറി ഫെസിലിറ്റി സെന്റർ ഒരുക്കൽ എന്ന പദ്ധതിക്ക് (S0134/18) ധനകാര്യകമ്മീഷൻ ഗ്രാന്റ് 8,00,000/- രൂപയും ഗവ.എൽ.പി.സ്കൂൾ, യു.പി.സ്കൂൾ, പഞ്ചായത്ത് ഓഡിറ്റോറിയം എന്നിവിടങ്ങളിൽ എയറോബിക് ബിൻ നിർമ്മാണം (S090/18) എന്ന പദ്ധതിക്ക് വികസനഫണ്ട് പൊതുവിഭാഗം 2,00,000/- രൂപയും കേന്ദ്രാവിഷ്കൃതഫണ്ട് 6,00,000/- രൂപയും അടക്കം 8,00,000/- രൂപയാണ് വകയിരുത്തിയത്. മേൽ പദ്ധതികളിലും തൻവർഷം തുക ചെലവഴിച്ചിട്ടില്ല. വികസനഫണ്ട് പൊതുവിഭാഗത്തിൽ നിന്നും മാലിന്യസംസ്കരണപ്രൊജക്ടിന് ആകെ 2,00,000/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. ഇതും മാർഗ്ഗരേഖാനിർദ്ദേശപ്രകാരം പര്യാപ്തമല്ല.

മേൽവിഷയങ്ങൾ സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നമ്പർ 3/25.09.18 ന് നൽകിയ മറുപടിയിൽ വിവിധമേഖലകൾക്ക് മതിയായ തുക വകയിരുത്തിയിരുന്നതായി പറയുന്നു. ലൈഫ് പദ്ധതിക്കായി വാർഷികപദ്ധതി സർക്കുലർ നമ്പർ 360/ഡി.ബി.1/17/തസ്വഭവ തി. 26.03.18, ക്രമനമ്പർ 7 പ്രകാരം ഭേദഗതി ചെയ്തതിനാലാണ് (29.03.18 ലെ 1-ാം നമ്പർ ഭരണസമിതി തീരുമാനം) മേഖലാവിഭജനത്തിൽ കുറവുവന്നതെന്നാണ് വിശദീകരണം നൽകിയിട്ടുള്ളത്. ഇതിനെതുടർന്ന് നടത്തിയ പരിശോധനയിൽ, ലൈഫ് പദ്ധതിക്കായി ഭേദഗതിക്കുമുൻപുതന്നെ 30,00,000/- രൂപ (അന്തിമപദ്ധതിരേഖ പ്രകാരം) വകയിരുത്തിയതായി കണ്ടെത്തുകയുണ്ടായി. ഭേദഗതിക്കുശേഷം വികസനഫണ്ടിൽ നിന്നും ലൈഫ് പദ്ധതിക്ക്

41,81,209/- രൂപയാണ് വകയിരുത്തിയിട്ടുള്ളത്. 11,81,209/- രൂപ കൂടുതലായി വകയിരുത്തിയിട്ടുണ്ട്. വിശദാംശങ്ങൾ താഴെകൊടുക്കുന്നു.

| | |
|---|---|
| ലൈഫ് പദ്ധതി സ്ഥലം വാങ്ങൽ, S0120/18 | 22,60,000(എസ്.സി.പി) |
| ലൈഫ് പദ്ധതി സ്ഥലം വാങ്ങൽ, S0152/18 | 981209(വികസനഫണ്ട് പൊതു)<br>372000(ധനകാര്യകമ്മീഷൻ ഗ്രാന്റ്) |
| ലൈഫ് മിഷൻ- പൂർത്തീകരിക്കാത്ത ജനറൽ ഭവനങ്ങളുടെ പൂർത്തീകരണം S0143/18 | 2,00,000(വികസനഫണ്ട് പൊതു)<br>9,60,000(മെയിന്റനൻസ് – നോൺ റോഡ്) |
| ലൈഫ് മിഷൻ- പൂർത്തീകരിക്കാത്ത പട്ടികജാതി ഭവനങ്ങളുടെ പൂർത്തീകരണം, S0144/18 | 7,40,000(എസ്.സി.പി) |

എന്നാൽ മേഖലാവിഭജനത്തിൽ കുറവുവന്ന തുക ഇതുമായി പൊരുത്തപ്പെടുന്നില്ല. മേൽസൂചിപ്പിച്ച സർക്കുലർ പ്രകാരം മേഖലാവിഭജനത്തിൽ കുറവുവന്ന തുക ലൈഫ് പദ്ധതിക്കുതന്നെ വിനിയോഗിച്ചിരിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ലഭ്യമാക്കിയ വിശദീകരണത്തിന്റേയും രേഖകളുടേയും അടിസ്ഥാനത്തിൽ ആയത് ഉറപ്പുവരുത്താനായിട്ടില്ല.

2) ധനകാര്യകമ്മീഷൻ ഗ്രാന്റ് അനുമതിയില്ലാത്ത മേഖലകളിൽ ചെലവഴിച്ചു

താഴെപ്പറയുന്ന പദ്ധതികളിൽ വിഭവസ്രോതസ്സായി വകയിരുത്തി ചെലവഴിച്ചിട്ടുള്ളത് ധനകാര്യകമ്മീഷൻ ഗ്രാന്റാണ്. 2017-18 വർഷത്തേക്ക് ബാധകമായ പദ്ധതി മാർഗ്ഗരേഖയായ ജി.ഒ (എം.എസ്) നം. 72/2017 /തസ്വഭവ തി. 29.03.2017, ഖ.13.8 പ്രകാരം പതിനാലാം ധനകാര്യകമ്മീഷൻ ഗ്രാന്റ് അടിസ്ഥാന സേവന സൗകര്യങ്ങളായ കുടിവെള്ളവിതരണം, ശുചിത്വം/കക്കൂസ് മാലിന്യപരിപാലനം, മലിനജലനിർഗ്ഗമനം/ഖരമാലിന്യം എന്നിവയുടെ പരിപാലനം, ശ്മശാനങ്ങൾ സ്ഥാപിക്കൽ, ഗ്രാമപഞ്ചായത്തിന്റേയും ഘടകസ്ഥാപനങ്ങളുടേയും കെട്ടിടങ്ങൾ ഒഴികെയുള്ള സാമൂഹിക ആസ്തികളുടെ സംരക്ഷണം/പരിപാലനം, റോഡുകളുടെ സംരക്ഷണം/ പരിപാലനം, നടപ്പാതകളുടെ നിർമ്മാണം, തെരുവുവിളക്കുകകൾ സ്ഥാപിക്കൽ എന്നീ ചുമതലകൾ നിർവ്വഹിക്കുന്നതിന് വേണ്ടി മാത്രമേ ഉപയോഗിക്കുവാൻ പാടുള്ളൂ. എന്നാൽ, അസിസ്റ്റന്റ് എഞ്ചിനീയർ നിർവ്വഹണ ഉദ്യോഗസ്ഥയായ താഴെപ്പറയുന്ന പദ്ധതികൾക്ക് മാർഗ്ഗരേഖാനിർദ്ദേശങ്ങൾക്ക് വിരുദ്ധമായി ഗ്രാന്റ് ഉപയോഗിച്ചതായി കാണുന്നു.

| പദ്ധതി | വകയിരുത്തിയ തുക | ചെലവഴിച്ച തുക |
|---|---|---|
| S0072/18, വനിതതൊഴിൽപരിശീലനകേന്ദ്രം അറ്റകുറ്റപ്പണികൾ | 1,50,000/- | 1,05,793/- ട്രഷറി ബിൽ 32/17-18 dt. 28.02.18 |
| S0075/18, തളി | 2,20,000/- | 2,16,420/- |

| | | |
|---|---|---|
| വനിതാപരിശീലന കേന്ദ്രത്തിന് ഷീറ്റ് മേയൽ | | ട്രഷറി ബിൽ :57/17-18 dt. 24.03.18 |
| S0093/18 ജനപ്രതിനിധി റൂം നിർമ്മാണവും പഞ്ചായത്ത് വാഹനഷെൽട്ടർ നിർമ്മാണവും | 3,01,373/- | 2,05,318/- ട്രഷറി ബിൽ: 11/17-18 dt. 23.08.17 |
| S0124/18, എട്ടാംമാറ്റ് ഐെരാണി അമ്പലം റോഡ് നിർമ്മാണം | 5,47,800/- | 5,43,468/- ട്രഷറി ബിൽ : 59/17-18 dt. 24.03.18 |
| S0125/18, കാർലിമുക്ക് റോഡ് നിർമ്മാണം | 4,60,000/- | 4,10,538 ട്രഷറി ബിൽ : 49/17-18 dt. 17.03.18 |
| ആകെ | 1679173 | 1481537 |

ടി വിഷയം സംബന്ധിച്ചുള്ള ഓഡിറ്റ് എൻക്വയറി നമ്പർ 3/25.09.18 ന് തൃപ്തികരമായ വിശദീകരണം നൽകിയിട്ടില്ല. ആയതിനാൽ, 14,81,537 രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

കേരള പഞ്ചായത്ത് രാജ് നിയമം, സെക്ഷൻ 162 എ പ്രകാരവും തൻവർഷത്തെ പദ്ധതി മാർഗ്ഗരേഖപ്രകാരവും പദ്ധതി ആസൂത്രണം, രൂപീകരണം, നിർവ്വഹണം എന്നിവയിൽ വിവിധ സ്റ്റാൻഡിംഗ് കമ്മിറ്റികൾക്കുള്ള ചുമതലകളെക്കുറിച്ച് പ്രതിപാദിച്ചിട്ടുണ്ട്. എന്നാൽ മേൽപരാമർശിച്ച വിഷയങ്ങളുടെ അടിസ്ഥാനത്തിൽ ടി ചുമതലകളുടെ തൃപ്തികരമായ നിർവ്വഹണം നടക്കുന്നതായി കാണുന്നില്ല. മാത്രമല്ല, പദ്ധതി ആസൂത്രണ, രൂപീകരണ, നിർവ്വഹണ ഘട്ടങ്ങളിൽ വർക്കിംഗ് ഗ്രൂപ്പുകൾ, സ്റ്റാൻഡിംഗ് കമ്മിറ്റികൾ, ഭരണസമിതി എന്നിവയുടെ ശരിയായ ഏകോപനത്തിലും മോണിട്ടറിംഗിലും വീഴ്ച വന്നിട്ടുള്ളതായും നിരീക്ഷിക്കുന്നു.

## 3-2 പൊതുമരാമത്ത് മേഖല- വകയിരുത്തിയ ഫണ്ട് പൂർണ്ണമായി വിനിയോഗിക്കാനായില്ല

പൊതുമരാമത്ത് മേഖലയിൽ ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രൊജക്ടുകൾ, വകയിരുത്തിയ തുക, നടപ്പാക്കിയ പ്രൊജക്ടുകൾ, ചെലവഴിച്ച തുക എന്നിവയുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

| | അംഗീകാരം ലഭിച്ചത്/വകയിരുത്തിയത് ₹ | നടപ്പാക്കിയത് /ചെലവഴിച്ചത് ₹ | നടപ്പാക്കിയതിന്റെ ശതമാനം |
|---|---|---|---|
| പ്രൊജക്ടുകൾ | 85 | 51 | 60 |
| തുക | 3,39,89,568 | 1,85,53,038 | 54.5 |

അംഗീകാരം കിട്ടിയ പ്രൊജക്ടുകളിൽ 60% പ്രൊജക്ടുകളിലാണ് തൻവർഷം തുക ചെലവഴിക്കാനായത്. വകയിരുത്തിയ തുകയുടെ 54.5% തുകയാണ് ചെലവഴിച്ചിട്ടുള്ളത്. പഞ്ചായത്തിന് അർഹമായ പദ്ധതി വിഹിതം സർക്കാർ നിർദ്ദേശമനുസരിച്ച് മേഖലാടിസ്ഥാനത്തിൽ വകയിരുത്തിയശേഷം മരാമത്ത് പദ്ധതികൾ സൂക്ഷ്മതയോടെ ആസൂത്രണം ചെയ്ത് സമയബന്ധിതമായി നടപ്പാക്കി ഫണ്ട് പൂർണ്ണമായും വിനിയോഗിക്കുന്നതിന് ശ്രദ്ധ ചെലുത്തേണ്ടതാണ്. ഇക്കാര്യം ഭരണസമിതിയുടെ ശ്രദ്ധയിൽപ്പെടുത്തുന്നു.

## 3-3 റോഡ് കണക്ടിവിറ്റി ഭൂപടം തയ്യാറാക്കിയിട്ടില്ല

പതിമൂന്നാം പഞ്ചവൽസര പദ്ധതിയിലെ ആദ്യ വാർഷിക പദ്ധതി തയ്യാറാക്കൽ മാർഗ്ഗനിർദ്ദേശങ്ങൾ ജി.ഒ (എം.എസ്)നംപർ 72/2017/ ത.സ്വ.ഭ.വ /29-3-2017 ലെ ഖണ്ഡിക 12.10(1) പ്രകാരം ഓരോ തദ്ദേശ സ്ഥാപനവും റോഡ് കണക്ടിവിറ്റി ഭൂപടവും റോഡ് കണക്ടിവിറ്റി പദ്ധതിയും തയ്യാറാക്കണം. ഇപ്രകാരം വരവൂർ ഗ്രാമപഞ്ചായത്തിന്റെ റോഡ് കണക്ടിവിറ്റി മാപ്പ്, പ്ലാൻ എന്നിവ തയ്യാറാക്കിയിട്ടില്ല. ആയതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-4 മുൻ വർഷങ്ങളിലെ പദ്ധതിച്ചെലവുകൾ തിരികെ ലഭിച്ചത് സർക്കാരിലേക്ക് തിരിച്ചടക്കാൻ ബാക്കിനിൽക്കുന്നു.

വാർഷികകണക്കുകളിലെ റസീറ്റ് &പെയ്മെന്റ് ഷെഡ്യൂൾ RP-36 പ്രകാരം, വിവിധ പദ്ധതികളിൽ ചെലവഴിക്കാതെ ബാക്കിവന്ന 300196/- രൂപ പഞ്ചായത്തിന് ഓഡിറ്റ് വർഷം തിരികെ ലഭിച്ചിട്ടുണ്ട്.ആയതിന്റെ ലഡ്ജർ പ്രകാരമുള്ള വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഇനം | ബാങ്ക്/വരവുവച്ച തിയതി | തുക |
|---|---|---|
| DWSSഡെപ്പോസിറ്റ് വർക്ക്, ജനറൽ(115/17)<br>എസ്.സി(116/17)- എന്നിവയിൽ ചെലവാകാത്ത തുക തിരികെ വന്നത് | ട്രഷറി ടി.എസ്.ബി/16.5.2017 | 165275 |
| SGRYറവന്യൂ റിക്കവറി- അനിൽകുമാർ | വരവൂർ സർവ്വീസ് സഹകരണ ബാങ്ക്/27.6.2017 | 46379 |
| HM,GLPS നടപ്പാക്കിയ ഷീപാഡ് പദ്ധതിയ്ക്ക് മുൻകൂർ നൽകിയ തുക തിരികെ ലഭിച്ചത് | SBTവരവൂർ,തനത് ഫണ്ട് | 88542 |
| ആകെ | | 300196 |

'Refund of Unutilised Grants of Prior Period 'എന്ന ഇനത്തിൽ ഓഡിറ്റ് വർഷം റീഫണ്ട് ലഭിച്ച 300196/-രൂപയും മുൻബാക്കി 63,670/-രൂപയും അടക്കം ആകെ 363866/-രൂപ 31.3.2018 ലെ ബാലൻസ് ഷീറ്റ് B-9 ഷെഡ്യൂളിൽ നീക്കിയിരിപ്പുണ്ട്. ഈ തുക സർക്കാരിലേക്ക് തിരികെ അടവാക്കാനുള്ളതാണെങ്കിൽ ആയതിനുവേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-5 കോട്ടക്കുന്ന് കുടിവെള്ള പദ്ധതി -പൊതുമരാമത്ത് വകുപ്പിന്റെ അനുമതി ലഭിച്ചിട്ടില്ല

കോട്ടക്കുന്ന് കുടിവെള്ള പദ്ധതി സെക്കന്റ് സ്റ്റേജ്-S0135/17

2015-16 ൽ ഈ പദ്ധതിക്കായി കുഴൽകിണർ, മോട്ടോർ എന്നിവ സ്ഥാപിച്ചതായി ഫയലിൽകാണുന്നു. തുടർ പ്രവർത്തനങ്ങൾക്ക് 2016-17 ൽ വച്ച പ്രൊജക്റ്റ് സ്പിൽഓവറായി 2017-18ൽ പൂർത്തിയാക്കി. motor pumpset, pumphouse, pipe line എന്നിവ സ്ഥാപിക്കുന്ന പ്രവൃത്തികളാണ് ചെയ്തിട്ടുള്ളത്. ആകെ പ്രവൃത്തി മൂല്യം =150482/ തൻ വർഷം ചെലവ്= ട്രഷറി ബില്ല് നം-14/5.1.18 ,₹43444/-

ബോർവെൽ സ്ഥാപിച്ചിരിക്കുന്നത് പി.ഡബ്ലിയു.ഡി റോഡ്സൈഡിലായതിനാൽ പണി ചെയ്യുന്നതിന് പി.ഡബ്ലിയു.ഡി യുടെ അനുവാദം വാങ്ങേണ്ടതുണ്ട്. പഞ്ചായത്ത് കമ്മറ്റി തീരുമാനം 2(1)/13.2.2017 പ്രകാരം ആയതിന് നടപടി സ്വീകരിക്കാൻ തീരുമാനിച്ചു. 2017-18 ൽ പ്രവൃത്തി പൂർത്തീകരിച്ച് ഫൈനൽ ബില്ല് നൽകിയിട്ടുണ്ട്. പി.ഡബ്ലിയു.ഡി യുടെ അനുവാദം ലഭിച്ചതായി കാണുന്നില്ല. ഇക്കാര്യം പരിശോധിച്ച് ഉചിതമായ നടപടി സ്വീകരിക്കേണ്ടതാണ്.

## 3-6 <u>മരാമത്ത് പണികളുടെ ഭാഗമായി അഴിച്ചുമാറ്റുന്ന പഴയ സാധനങ്ങൾ,കുഴിച്ചെടുക്കുന്ന മണ്ണ് തുടങ്ങിയവ ലേലം ചെയ്യുന്നത് സംബന്ധിച്ച് വ്യക്തതയില്ല</u>

(i)ഗവ.എൽ.പി.സ്കൂൾ അറ്റകുറ്റപ്പണി-അഴിച്ചുമാറ്റിയ ഇരുമ്പ് സാധനങ്ങൾ ലേലം ചെയ്തിട്ടില്ല. പ്രൊജക്റ്റ് നം.S0095/17

അടങ്കൽ-മെയിന്റനൻസ് ഗ്രാന്റ്(നോൺറോഡ്)-235000/-

ചെലവ്-ട്രഷറി ബിൽ നം-7/17-18/28.7.2017

അളവുപുസ്തകം-57/16-17

ഈ പ്രവൃത്തിയുടെ ഇനം 2 ആയി 129.96kg ഇരുമ്പ് അഴിച്ചുനീക്കിയിട്ടുണ്ട്--അളവുപുസ്തകം പേജ് 2 പ്രകാരം 40mm MS പൈപ്പ് 43.32 kg,40mm purlins 86.64 kg—ആകെ=129.96kg

സ്കൂളിന്റെ പഴയ ഗേറ്റാണ് അഴിച്ചുമാറ്റിയത്. ആയത് സ്കൂളിൽ തന്നെ സൂക്ഷിച്ചിരിക്കുകയാണെന്നും ആയതിന്റെ വാല്യൂവേഷൻ എത്രയും പെട്ടെന്ന് സെക്രട്ടറിക്ക് നൽകുന്നതിനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് ഓഡിറ്റ് എൻക്വയറി 15/27.9.18 ന നിർവ്വഹണോദ്യോഗസ്ഥ മറുപടി ലഭ്യമാക്കിയിട്ടുണ്ട്. ഇക്കാര്യം പരിശോധിച്ച് ഉത്തരവാദപ്പെട്ടവർ നടപടി സ്വീകരിക്കേണ്ടതാണ്.

(ii)S0134/17-വനിതതൊഴിൽ പരിശീലനകേന്ദ്രം കുടിവെള്ള പദ്ധതി

ഈ പ്രവൃത്തിയുടെ ഇനം 1 ആയി നിലവിലുണ്ടായിരുന്ന 7.5HP ജെറ്റ് മോട്ടോർ അഴിച്ചുമാറ്റിയിട്ടുണ്ട്. ടി മോട്ടോർ പുറത്തെടുക്കുന്നതിനും കുഴൽകിണർ വൃത്തിയാക്കുന്നതിനുമായി ന്യൂ ഇൻഡ്യ എക്വിപ്മെന്റ്സ്& ബോർവെൽസ്, ഓട്ടുപാറ എന്ന സ്ഥാപനത്തിന് നൽകിയ വകയിൽ കരാറുകാരന് 23,000/- രൂപ അനുവദിച്ചിട്ടുണ്ട്. പഴയ മോട്ടോർ ഉപയോഗയോഗ്യമാണോ അല്ലയോ എന്ന് ആരും പരിശോധിച്ച് ഉറപ്പുവരുത്തിയതായി കാണുന്നില്ല. അത് ലേലം ചെയ്തതായും രേഖകളിലില്ല.

പഴയ മോട്ടോർ എന്തു ചെയ്തു എന്ന വിവരം ലഭ്യമാക്കാനാവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി 8/25.9.18 ന് ലഭിച്ച മറുപടിയിൽ സ്ക്രാപ്പ് വാല്യൂ ഉള്ള വെറും ഇരുമ്പ് ഭാഗങ്ങൾ മാത്രമാണ ലഭിച്ചതെന്നും മറുപടി ലഭിച്ചിട്ടുണ്ട്. 2017-18ൽ പഞ്ചായത്ത് ക്വട്ടേഷൻ വിളിച്ച് വില്പന നടത്തിയിട്ടുള്ള ഇനങ്ങളിൽ പഴയ ഇരുമ്പ് ഉൾപ്പെട്ടിട്ടുണ്ട്. ആയതിൽ മേൽപറഞ്ഞ മോട്ടോറിന്റെ അവശിഷ്ടം ഉൾപ്പെട്ടിട്ടുണ്ടോ എന്ന് വ്യക്തമല്ല.

(iii)പറക്കുന്ന് റോഡ് ഡ്രെയിനേജ് -ലഭിച്ച മണ്ണിന്റെ വിനിയോഗവിവരമില്ല

പ്രൊജക്റ്റ് നം S0013/18

പറക്കുന്ന് റോഡ് ഡ്രെയിനേജ് പ്രവൃത്തിയുടെ ഇനം 1 ആയി 213.38$m^3$ മണ്ണ് കുഴിച്ചെടുത്തിട്ടുണ്ട്. അളവുപുസ്തകം 1/17-18 പേജ് 2=76.85 m3 , പേജ് 6 = 103.59 $m^3$, പേജ് 30=32.94$m^3$ ആകെ = 213.38 $m^3$

അളവുപുസ്തകത്തിൽ മേൽപറഞ്ഞപ്രകാരം ലഭിച്ച മണ്ണ് റോഡിന്റെ വശങ്ങളിൽ നികത്താനുപയോഗിച്ചശേഷം ബാക്കിയുള്ളത് ലേലം ചെയ്ത നൽകേണ്ടകാര്യം പഞ്ചായത്തിൽ റിപ്പോർട്ട് ചെയ്തതായി രേഖപ്പെടുത്തിക്കാണുന്നുണ്ട്. എന്നാൽ ഓഡിറ്റ് വർഷം മണ്ണ് ലേലം നടന്നിട്ടില്ല. മേൽ പ്രവൃത്തിയിൽ ഫില്ലിംഗിന് ഉപയോഗിച്ചശേഷം ബാക്കി എത്ര മണ്ണ് ഉണ്ടായിരുന്നെന്നോ ആയത് എന്തു ചെയ്തതെന്നോ വ്യക്തമല്ല(ഓഡിറ്റ് എൻക്വയറി നം.17/29.07.18).

മരാമത്ത് പണികളുടെ ഭാഗമായി അഴിച്ചുമാറ്റുന്ന പഴയ സാധനങ്ങൾ, കുഴിച്ചെടുക്കുന്ന മണ്ണ് തുടങ്ങിയവ സംബന്ധിച്ച് അളവുപുസ്തകത്തിൽ കൃത്യമായി രേഖപ്പെടുത്തേണ്ടതും ലേലം ചെയ്യേണ്ടവ രേഖാമൂലം സെക്രട്ടറിക്ക് കൈമാറേണ്ടതുമാണ്.

## 3-7 മരാമത്ത് പ്രവൃത്തി- ജി.എസ്.ടി അടവാക്കുന്നതിനായി പിൻവലിച്ച തുക ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപമായി തുടരുന്നു.

നിർവ്വഹണ ഉദ്യോഗസ്ഥ : അസിസ്റ്റന്റ് എഞ്ചിനീയർ

പദ്ധതി നമ്പർ : S0093/18

പദ്ധതിയുടെ പേര് : ജനപ്രതിനിധിറൂം നിർമ്മാണവും പഞ്ചായത്ത് വാഹനഷെൽട്ടർ നിർമ്മാണവും

അടങ്കൽ : 1097830/- (301373/- ധനകാര്യകമ്മീഷൻ ഗ്രാന്റ്, 796457/- ലോകബാങ്ക് സഹായം)

ചെലവ് : 1001775/-(205318/- ധനകാര്യകമ്മീഷൻ ഗ്രാന്റ്, 796457/- ലോകബാങ്ക് സഹായം)

ട്രഷറി ബിൽ : 10/17-18 dt. 23.08.17 (126768/-), 11/17-18 dt. 23.08.17 (205318/-), 12/17-18 dt. 23.08.17 (669689/-)

മേൽ വിശദാംശങ്ങളോടുകൂടിയ പദ്ധതിയുടെ പ്രവൃത്തിമൂല്യം 894442/- രൂപയാണ് (MB Vol iv, പേജ് 22,23) . ആയതിന്റെ 12% ജി.എസ്.ടി കണക്കാക്കി 1,07,333/- രൂപ ട്രഷറി ബിൽ നമ്പർ 11/17-18 പ്രകാരം പിൻവലിച്ച് സെക്രട്ടറിയുടെ പേരിലുള്ള ട്രഷറി സേവിംഗ്സ് ബാങ്ക് അക്കൗണ്ടിൽ (നമ്പർ 713051400000005) നിക്ഷേപിച്ചിട്ടുണ്ട്. സർക്കാർ ഉത്തരവ് (അച്ചടി) നം. 87/2017/തസ്വഭവ തി. 01.11.17 ലെ ഖണ്ഡിക 2(4)പ്രകാരം എല്ലാ തദ്ദേശസ്വയംഭരണങ്ങളും 01.07.2017 ന് ശേഷം പൂർത്തിയാക്കുന്ന പ്രവത്തികളുടെ ബില്ലുകൾ നൽകുമ്പോൾ വരുത്തേണ്ടുന്ന 2% ജി.എസ്.ടി - ടി.ഡി.എസ് കിഴിവ് 2018 മാർച്ച് 31 വരെ നടപ്പാക്കേണ്ടതില്ലെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിനാൽ, ജി.എസ്.ടി അടവാക്കുന്നതിനായി പിൻവലിച്ച 1,07,333/- രൂപ ബന്ധപ്പെട്ട സർക്കാർ അക്കൗണ്ടിലേക്ക് തിരികെ അടവാക്കേണ്ടതാണ്. 1,07,333/- രൂപയുടെ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-8 കുടിവെള്ള പദ്ധതികൾ-ഡെപ്പോസിറ്റ് പ്രവൃത്തികൾ-പൂർത്തീകരിച്ചതിന്റെ വിവരമില്ല

പ്രൊജക്ട് നം-S0136/18 , നിർവ്വഹണം-അസി.എഞ്ചിനീയർ

ട്രഷറി ബില്ല് നം-38/17-18/28.2.2018 പ്രകാരം 2,50,000/-രൂപ ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് തയ്യാറാക്കി നൽകിയ എസ്റ്റിമേറ്റ് അനുസരിച്ച് കൈമാറിയിട്ടുണ്ട്.

കരുവാൻപടി റോഡ്,മഞ്ഞച്ചിറക്കുളം പരിസരം, കാർളിമുക്ക്, പിലക്കാട് പോസ്റ്റ് ഓഫീസ് പരിസരം, മൈലാടിക്കുന്ന് കോളനി എന്നീ 5 സൈറ്റുകളിലെ പ്രവൃത്തികൾക്ക് 50,000/-രൂപ വീതമുള്ള എസ്റ്റിമേറ്റ് തുകയാണ് കൈമാറിയിട്ടുള്ളത്.

ഓഡിറ്റ് എൻക്വയറി 8/25.9.2018 ന് ലഭിച്ച മറുപടിയിൽ പദ്ധതി പൂർത്തീകരിച്ചിട്ടില്ലെന്നാണ് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചിട്ടുള്ളത്.

പഞ്ചായത്ത് അസി.എഞ്ചിനീയർ,ഗ്രൗണ്ട് വാട്ടർ ഡിപ്പാർട്ട്മെന്റ് ഡെപ്യൂട്ടി ഡയറക്ടർ എന്നിവർ തമ്മിൽ കരാർ വച്ചിട്ടുണ്ട്. കരാറിന് നമ്പർ, തിയതി ഇല്ല. കരാർ നിബന്ധന 9 പ്രകാരം പ്രവൃത്തി 31.3.2018 നമുൻപ് പൂർത്തീകരിക്കണം. ഇല്ലാത്തപക്ഷം നിബന്ധന 10 പ്രകാരം കാലതാമസത്തിന് ഭൂജലവകുപ്പിൽ നിന്നും പിഴ ഈടാക്കണം. ഇക്കാര്യം ശ്രദ്ധയിൽപ്പെടുത്തുന്നു. പ്രവൃത്തിയുടെ പൂർത്തീകരണസാക്ഷ്യപത്രം, ഫൈനൽബിൽ എന്നിവ ഭൂജലവകുപ്പിനോട് ആവശ്യപ്പെടേണ്ടതും പൂർത്തീകരിക്കുന്നതിൽ കാലതാമസം വരുത്തിയിട്ടുണ്ടെങ്കിൽ കരാർപ്രകാരമുള്ള നടപടി സ്വീകരിക്കേണ്ടതുമാണ്. പദ്ധതി പൂർത്തീകരണവിവരം ലഭ്യമാക്കുന്നതുവരെ 2,50,000/-രൂപ തടസ്സപ്പെടുത്തുന്നു

## 3-9 സെക്രട്ടറി നടപ്പാക്കിയ പദ്ധതികൾ-വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല

2017-18 ൽ സെക്രട്ടറി നടപ്പാക്കിയ താഴെ പറയുന്ന തുകകൾക്ക് വിനിയോഗസാക്ഷ്യപത്രം ലഭിച്ചിട്ടില്ല.

| ക്രമ നം | പ്രൊജക്ട് നം,പേര് | ട്രഷറി ബിൽ നം | തുക | തുക ആർക്ക് കൈമാറി |
|---|---|---|---|---|
| 1 | 14/17-18,ഐ.കെ.എം ന് വിഹിതം | 1/17-18 /7.7.17 | 45,000(കൈപ്പറ്റ് രശീതി ഇല്ല) | ഗ്രൂപ്പ്ഡയറക്ടർ, ഐ.കെ.എം |
| 2 | 17/17-18,ഐ.എം.എ ബ്ലഡ് ബാങ്ക്-ജില്ലാപഞ്ചായത്തിന് വിഹിതം | 11/17-18 /26.8.17 | 1,00,000 കൈപ്പറ്റ് രശീതി ഇല്ല | സെക്രട്ടറി, ജില്ലാപഞ്ചായത്ത് |
| 3 | 19/17-18,ഭിന്നശേഷിക്കാർക്കുള്ള റിസോഴ്സ് സെന്റർ-ജില്ലാപഞ്ചായത്തിന് വിഹിതം | 10/17-18 /26.8.17 | 50,000 | സെക്രട്ടറി, ജില്ലാപഞ്ചായത്ത് |

ആകെ= 1,95,000/-.

വിനിയോഗസാക്ഷ്യപത്രം പരിശോധനക്ക് ലഭ്യമാക്കുന്നതുവരെ 1,95,000/- രൂപ തടസ്സപ്പെടുത്തുന്നു.

## 3-10 ബഡ്സ് സ്കൂൾ- മതിയായ സൗകര്യങ്ങളൊരുക്കുന്നതിനും സർക്കാർ അംഗീകാരം ലഭ്യമാക്കുന്നതിനും നടപടികൾ സ്വീകരിക്കേണ്ടതാണ്

സ.ഉ (കൈ) നം.144/13/ തസ്വഭവ തി. 06.04.13, സ.ഉ.(എം.എസ്) നം.20/2018/തസ്വഭവ തി. 07.02.2018 എന്നീ ഉത്തരവുകൾ പ്രകാരം ബഡ്സ് സ്കൂൾ/ബഡ്സ് റിഹാബിലിറ്റേഷൻ സെന്റർ എന്നിവയുടെ പ്രവർത്തനമാർഗ്ഗരേഖ സർക്കാർ പുറപ്പെടുവിച്ചിട്ടുണ്ട്. ഗ്രാമപഞ്ചായത്തിൽ 2015 വർഷം മുതൽ പ്രവർത്തിക്കുന്ന ബഡ്സ് റിഹാബിലിറ്റേഷൻ സെന്ററിൽ 27.09.18 ന് ഓഡിറ്റ് ടീം സന്ദർശനം നടത്തി. മേൽസൂചിപ്പിച്ച സർക്കാർ ഉത്തരവുകൾ ആധാരമാക്കി ഭരണസമിതിയുടെ അടിയന്തിരശ്രദ്ധ പതിയേണ്ട അടിസ്ഥാനവിഷയങ്ങൾ താഴെകൊടുക്കുന്നു.

| ബന്ധപ്പെട്ട സർക്കാർ ഉത്തരവ് | നിബന്ധന | ന്യൂനത |
|---|---|---|

| | | |
|---|---|---|
| സ.ഉ (കൈ) നം.144/13/ തസ്വഭവ തി. 06.04.13 | ആളോഹരി 30 ച.അടി സ്ഥലം, കുറഞ്ഞത് 750 ച.അടി | കെട്ടിടത്തിന്റെ വിസ്തീർണ്ണം 640 ച.അടി മാത്രം |
| സ.ഉ (കൈ) നം.144/13/ തസ്വഭവ തി. 06.04.13 | 10 പേർക്ക് ഒന്ന് എന്ന് കണക്കാക്കി സ്ത്രീകൾക്കും കുട്ടികൾക്കും വെവ്വേറെ ടോയ് ലറ്റ് | ഒറ്റ ടോയ് ലറ്റ് മാത്രം |
| സ.ഉ.(എം.എസ്) നം.20/2018 /തസ്വഭവ തി. 07.02.2018 | ഓഡിയോളജി മുറി, ഫിസിയോതെറാപ്പി മുറി, ഭക്ഷണമുറി, വിനോദമുറി / സ്ഥലം, റാംപ്, റെയിൽ എന്നീ സൗകര്യങ്ങൾ വേണം | നിലവിലില്ല |
| സ.ഉ.(എം.എസ്) നം.20/2018 /തസ്വഭവ തി. 07.02.2018 | ബി.ആർ.സികളിൽ അധ്യാപക വിദ്യാർത്ഥി അനുപാതം 1:8 എന്ന നിലയിൽ ക്രമീകരിക്കണം | നിലവിൽ 18 വിദ്യാർത്ഥികളുണ്ടെങ്കിലും ഒരു അദ്ധ്യാപിക മാത്രം |
| സ.ഉ.(എം.എസ്) നം.20/2018 /തസ്വഭവ തി. 07.02.2018 | നിലവിൽ പ്രവർത്തിച്ചുവരുന്ന ബി.ആർ.സിക്ക് അംഗീകാരം ലഭിച്ചിട്ടില്ലയെങ്കിൽ കുടുംബശ്രീ ജില്ലാമിഷൻ കോ-ഓർഡിനേറ്ററുടെ ശുപാർശയുടെ അടിസ്ഥാനത്തിൽ പരമാവധി 2 വർഷത്തേക്ക് അംഗീകാരം നൽകുന്നതാണ്. | അംഗീകാരം ലഭിച്ചിട്ടില്ല. താല്കാലിക അംഗീകാരം നേടുന്നതിനായി നടപടികൾ സ്വീകരിച്ചിട്ടില്ല. |

മേൽസൂചിപ്പിച്ച ഉത്തരവുകളിലെ നിർദ്ദേശങ്ങൾ നടപ്പിലാക്കി ബഡ്സ് സ്കൂൾ പ്രവർത്തനം സുഗമമാക്കുന്നതിനുള്ള നടപടികൾ ത്വരിതഗതിയിൽ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

## 4-1 സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|

| | | | | | |
|---|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് | 2017-18 | 4,51,000 | നെൽകൃഷി വികസനം | 4,51,000 | 0 |
| | 2017-18 | 50,000 | ക്ഷീര വികസനം | 50,000 | 0 |
| ബ്ലോക്ക് പഞ്ചായത്ത് വടക്കാഞ്ചേരി | 2015-16 | 2,55,000 | ക്ഷീര വികസനം | 0 | 2,55,000 |
| | 2017-18 | 3,00,000 | ക്ഷീരവികസനം | 3,00,000 | 0 |
| | 2017-18 | 2,00,000 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്നവർക്ക് സ്കോളർഷിപ്പ് | 2,00,000 | 0 |
| | 2017-18 | 4,25,000 | നെൽകൃഷി വികസനം | 4,25,000 | 0 |

## 4-2 നിക്ഷേപ പ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

| ക്രമ നം | നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക | വൗച്ചർ നം |
|---|---|---|---|---|---|---|
| 1 | കേരള വാട്ടർ അതോറിറ്റി | പുറശ്ശേരി കുടിവെള്ള പദ്ധതി | 1,50,000 | 0 | 1,50,000 | 2011-12 വർഷത്തെ വരവ് |
| 2 | കേരള വാട്ടർ അതോറിറ്റി | -d0- | 7,00,000 | 0 | 7,00,000 | ,, |
| 3 | കോസ്റ്റ് ഫോർഡ് | വ്യവസായ കെട്ടിടം | 4,00,000 | 2,00,000 | 2,00,000 | 2006/07 വർഷത്തെ വരവ് |
| 4 | ഗ്രൗണ്ട് വാട്ടർ വകുപ്പ് | വിവിധ കുടിവെള്ള പദ്ധതികൾ | 2,50,000 | 0 | 2,50,000 | 38/17-18, 28.02.18 |
| 5 | കെ.എസ്.ഇ.ബി | വൈദ്യുതിലൈൻ ദീർഘിപ്പിക്കൽ | 500000 | 0 | 500000 | 19/17-18, /26.09.17 |
| ആകെ | | | 20,00,000 | 2,00,000 | 18,00,000 | |

## 4-3 മൊബിലൈസേഷൻ അഡ്വാൻസ്

ഇല്ല

## 4-4 വായ്പ/വായ്പ തിരിച്ചടവ്

ഇല്ല

## 4-5 സ്ഥിരനിക്ഷേപങ്ങൾ

| | | |
|---|---|---|
| 1 | വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 1000 |
| 2 | തൻവർഷം നിക്ഷേപിച്ച തുക | ഇല്ല |
| 3 | ആകെ | 1000 |
| 4 | തന്നാണ്ടിൽ പിൻവലിച്ച തുക | ഇല്ല |
| 5 | വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 1000 |

## 4-6 ഓഡിറ്റ് റിക്കവറി

| റിപ്പോർട്ട് വർഷം | ഭാഗം/ഖണ്ഡിക | ഈടാക്കിയ തുക | ഒടുക്കിയ ആളുടെ പേരും ഉദ്യോഗപ്പേരും | രശീത് നമ്പർ തീയതി |
|---|---|---|---|---|
| 2016-17 | 2.2 | 620 രൂപ | മുഹമ്മദ്കുട്ടി, തോട്ടുമ്മച്ചിക്കൽ | 117040101979/24.11.17 |

| | | | | |
|---|---|---|---|---|
| 2016-17 | 2.5 | 2240 രൂപ | സജീഷ് & ശ്രേഷ്ഠ തേറമംഗലത്ത് | 117040102080/27.11.17 |
| 2016-17 | 2.7 | 750 രൂപ | ജിജേഷ് രാമദാസ്, ചങ്കരത്ത് വീട് | 117040102144/30.11.17 |
| 2015-16 | 2.4, 2.10, 2.12 | 4778 രൂപ | വിജയൻ, (മുൻ സെക്രട്ടറി) | 11704050021/26.02.18 |
| 2015-16 | 2.14 | 1464 രൂപ | പ്രസിഡണ്ട്, യോഗക്ഷേമം കുറീസ് | 117040103619/16.03.18 |
| 2016-17 ഓഡിറ്റ് എൻക്വയറി | | 1000 രൂപ | | 117040101336/30.08.18 |
| അധിക ശമ്പളം തിരിച്ച് അടവാക്കിയത് | | 8103 രൂപ | | 117040103014/07.02.18 |
| ആകെ | | 18,955 രൂപ | | |

## 4-7 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

പഞ്ചായത്തിലെ മുൻവർഷ ഓഡിറ്റ് റിപ്പോർട്ടുകളിൽ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 23- വകുപ്പ് പ്രകാരമുള്ള സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഖണ്ഡികകളിൽ തീർപ്പാക്കാൻ അവശേഷിക്കുന്നവ സംബന്ധിച്ച് പഞ്ചായത്തിൽ നിന്നും ലഭ്യമായ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2016-17 | 2.1, 2.3 | 2016-17 | | 1.തൊഴിൽ നികുതി, 2. മൊബൈൽ ടവർ നികുതി | തീർപ്പാക്കി |

## 4-8 ചാർജ് /സർചാർജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

| ക്രമ നം | റിപ്പോർട്ട് വർഷം | ഖണ്ഡിക നം. | ഉത്തര വാദിയായ ഉദ്യോഗ സ്ഥന്റെ പേര്, ഔദ്യോഗിക സ്ഥാനം, ഭരണ വകുപ്പ് | ചാർജ് സർട്ടിഫിക്കറ്റ് | | സ്വയം അടവാക്കിയ തുക (രസീത് നമ്പർ/ തീയതി) | റവന്യൂ റിക്കവറി നടപടി യിലൂടെ ഈടാക്കിയ തുക (തീയതി) | കോടതി വ്യവഹാര ങ്ങളിൽ | | ആകെ ലഭ്യമായ തുക | അവശേഷിക്കുന്ന തുക/ ബാധ്യത | റിമാർക്ക്സ് |
|---|---|---|---|---|---|---|---|---|---|---|---|---|
| | | | | നമ്പരും തീയതിയും | തുക | | | ഉൾപ്പെട്ട തുക | ഈടാക്കിയ തുക | | | |
| 1 | 2 | 3 | 4 | 5 | 6 | 7 | 8 | 9 | 10 | 11 | 12 | 13 |
| 1 | 2015-16 | 2.4, 2.10, 2.12 | വിജയൻ, മുൻ സെക്രട്ടറി | | 4778 | 11704050021/ 26.02.18 | | | | | | |

(ബി)സർചാർജ് നടപടി വഴി ഈടാക്കിയ തുക

വിവരം ലഭ്യമല്ല.

## 4-9 ഓഡിറ്റ് പ്രത്യവലോകനം

(എ) സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | 5,86,51,526 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | 5,27,57,055 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | 552333/- |

(ബി). പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഇല്ല

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നം. | തുക | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 3-7 | 1,07,333/- | ശ്രീമതി.ശ്രീന.എസ്.എൻ,അസി.എഞ്ചിനീയർ |
| 3-8 | 2,50,000 | ശ്രീ.സുധീർ രാജ്,അസി.എഞ്ചിനീയർ |
| 3-9 | 1,95,000 | ശ്രീമതി.എം.രാജേശ്വരി,സെക്രട്ടറി |
| ആകെ | 552333 | |

(സി) കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല

(ഇ)റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിന് / തടസ്സത്തിന് ഉത്തരവാദികളായവരുടെ പേരും സ്ഥിരം മേൽവിലാസവും

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീന എൻ.എസ്, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, വരവൂർ ഗ്രാമപഞ്ചായത്ത് | ഇ1, അളകനന്ദ റെസിഡൻസി, അയ്യന്തോൾ, ചുങ്കം, അയ്യന്തോൾ.പി.ഒ 680 003 |
| സുധീർരാജ്, അസി. എഞ്ചിനീയർ | അസി. എഞ്ചിനീയർ, തിരുവനന്തപുരം കോർപ്പറേഷൻ | ടി.സി 28/346, ശീവാലി നഗർ പേട്ട പി.ഒ, തിരുവനന്തപുരം |

| | | |
|---|---|---|
| എം.രാജേശ്വരി, സെക്രട്ടറി | സെക്രട്ടറി, വരവൂർ ഗ്രാമപഞ്ചായത്ത് | ശ്രീപദം, ശ്രീ കൃഷ്ണ നഗർ, തിരുവാണിക്കാവ് റോഡ്, തൃശ്ശൂർ-680 655 |

## 4-10 തീർപ്പാക്കാൻ അവശേഷിക്കുന്ന റിപ്പോർട്ടുകൾ

| ഓഡിറ്റ് വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം |
|---|---|
| 82-83 | എൽ.എഫ്.ടി.എസ്.2- 794/11 |
| 83-84 | എൽ.എഫ്.ടി.എസ്.2- 794/11 |
| 84-85 | എൽ.എഫ്.ടി.എസ്.2- 794/11 |
| 85-86 | എൽ.എഫ്.ടി.എസ്.2- 794/11 |
| 86-87, 87-88 | എൽ.എഫ്.ടി.എസ്.2- 794/11 |
| 88-89, 89-90 | എൽ.എഫ്.ടി.എസ്.2- 794/11 |
| 90-91<br>91-92 | എൽ.എഫ്.ടി.എസ്.2- 794/11 |
| 92-93, 93-94 | എൽ.എഫ്.ടി.20-13-300-93/ 23.11.93 |
| 96-97 | എൽ.എഫ്.ടി.20- 314-98, 11.08.98 |
| 97-98 | എൽ.എഫ്.ടി.20-10-2000, 20.05.08 |
| 98-99 | എൽ.എഫ്.ടി.20-597-2000, 26.09.2000 |
| 99-2000 | എൽ.എഫ്.ടി.17-1689/02/ 23.01.03 |
| 2000-01 | എൽ.എഫ്.ടി.17-691/04/ 09.12.04 |
| 2000-01, 2001-02 (ജനകീയാസൂത്രണം) | എൽ.എഫ്.ടി.17-1440/03/ 01.03.04 |
| 2001-02 | എൽ.എഫ്.ടി.17-690/04/ 09.12.04 |
| 2002-03 | എൽ.എഫ്.ടി.17-1222/08/ 29.08.09 |
| 2003-04 | എൽ.എഫ്.ടി.17-1047/08/ 29.08.09/13.10.09 |
| 2004-05 | എൽ.എഫ്.ടി.17-66/09/ 25.05.10 |
| 2005-06 | എൽ.എഫ്.ടി.17-320/10/ 17.09.10 |
| 2006-07 | എൽ.എഫ്.ടി.17-321/10/ 17.09.10, 19.10.11 |
| 07-08 മുതൽ 10-11 വരെ | എൽ.എഫ്.ടി.(പി.1)-1661/12/ 05.02.13 |
| 2011-12 | എൽ.എഫ്.ടി.(പി.5)-1723/13/ 05.02.14 |
| 2012-13 | എൽ.എഫ്.ടി.(പി.5)-1922/14/ 16.04.15/04.06.15 |
| 2013-14 | കെ.എസ്.എ.ടി.എസ്.ആർ.(പി.5)-191/15/ 18-02-16/14-03-16 |
| 2014-15 | കെ.എസ്.എ.ടി.എസ്.ആർ.(പി.5)-1195/16 തീ. 22.07.16/28.07.16 |
| 2015-16 | കെ.എസ്.എ.ടി.എസ്.ആർ.(പി.5)-2207/16 തീ. 16.01.17/21.02.17 |
| 2016-17 | കെ.എസ്.എ.ടി.എസ്.ആർ(പി5)1432/2017 തീ :13.09.2017 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ വകുപ്പ് 4, 1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം- വകുപ്പ് 215(6) 2011-ലെ കേരള പഞ്ചായത്ത് രാജ് അക്കൗണ്ട് ചട്ടങ്ങളിലെ ചട്ടം 64 എന്നിവ അനുസരിച്ചും പഞ്ചായത്ത് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ്ട്രോളർ ആന്റ് ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾ അവലംബിച്ചും 22.05.2018-ലെ (സാധാ)1413/2018/ത.സ്വ.ഭ.വ., നമ്പർ സർക്കാർ ഉത്തരവിലെ നിബന്ധനകൾ പ്രകാരവും വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ എന്റെ അഭിപ്രായത്തിൽ വരവൂർ ഗ്രാമപഞ്ചായത്തിന്റെ 2017-18 സാമ്പത്തിക വർഷത്തെ വാർഷിക ധനകാര്യ പത്രിക, വരവ് ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ

ജില്ലാ ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ

# അനുബന്ധം-2

## ഓഡിറ്റ് സംക്ഷിപ്തം

| | | സംക്ഷിപ്തം(AuditedAbstract) |
|---|---|---|
| 1 | റസീപ്റ്റ് & പേയ്മെന്റ് സ്റ്റേറ്റ്മെന്റ് | |
| 2 | ഇൻകം & എക്സ്പെൻഡിച്ചർ സ്റ്റേറ്റ്മെന്റ് | |
| 3 | ബാലൻസ് ഷീറ്റ് | |

ഡെപ്യൂട്ടി ഡയറക്ടർ

ജില്ല ഓഡിറ്റ് കാര്യാലയം
തൃശ്ശൂർ